# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഗുരുവായൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം2)142/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/03/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഗുരുവായൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : ഗുരുവായൂർ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം2)142/2024 തീയ്യതി: 18/03/2024

## തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 21-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 22-01-2024 | 01-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 01-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സബിത എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

മീര റ്റി., ഓഡിറ്റ് ഓഫീസർ

ഹണി കെ. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുധ ഇ. എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിൽ പി.ബി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ജീജോ ജോബ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

അനീറ്റ ഡൊമിനിക്, ഓഡിറ്റർ

സ്വാലിഹ് സി. പി., ഓഡിറ്റർ

സിജോ തോമസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം. കൃഷ്ണദാസ് | ചെയർമാൻ | 01-04-2022 | 31-03-2023 |
| ബീന എസ്. കുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശശീന്ദ്ര എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ടോണി സി.എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| രശ്മി പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ജിജോ ടി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ലീല ഇ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.സുചിത്ര | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.റോസ്‌ലിൻ എം.എസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ.അഷറഫ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| റൂബി ജോർജ്ജ് ഒലക്കേങ്കിൽ | ഹെഡ്മിസ്ട്രസ് | 01-04-2022 | 30-04-2022 |
| ആശ കെ. | ഹെഡ്മിസ്ട്രസ് | 01-05-2022 | 12-06-2022 |
| ലിജ സി.പി. | ഹെഡ്മിസ്ട്രസ് | 13-06-2022 | 31-03-2023 |
| സജിദ ടി.കെ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ബിന്നിമോൻ വി.സി. | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഷീജ പി.ജെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| രാധാമണി എം.എൻ. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ജിഫി ജോയ് | പ്രൊജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| വിനോദ് എം.പി. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 30-11-2022 |
| ഷജിൽകുമാർ പി. | ഹെൽത്ത് സൂപ്പർവൈസർ | 01-12-2022 | 31-03-2023 |
| സീന പി. | പ്രിൻസിപ്പാൾ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജേർണൽ വൗച്ചർ തയ്യാറാക്കുന്നതിലെ പിഴവ് - വാർഷിക കണക്കിൽ സാങ്കല്പികമായ വരവ്/ ചെലവ്/ആസ്തി/ബാധ്യത വർദ്ധനവ് രേഖപ്പെടുത്തുന്നു. | 1-1-1 |
| 3 | വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ്-സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | MLA ഫണ്ട് പ്രകാരമുള്ള ചെലവ് നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | തുക ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-4 |
| 6 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല. | 1-1-5 |
| 7 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ | 1-1-7 |
| 9 | പ്രൊവിഷൻ രേഖപ്പെടുത്തിയതിലെ അപാകതകൾ. | 1-1-8 |
| 10 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-10 |
| 12 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-11 |
| 13 | റീകൺസിലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-1-12 |
| 14 | വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-16 |
| 18 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | ഡെഫ് അക്കൗണ്ടുകളിലെ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ഫണ്ട് വിനിയോഗം | 1-3 |
| 22 | പദ്ധതി അവലോകനം | 1-4 |
| 23 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-5 |
| 24 | ക്ഷേമ പദ്ധതികൾ | 1-6 |
| 25 | ക്യാഷ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകങ്ങൾ | 1-8 |
| 27 | നഗരസഭയുടെ നികുതി–നികുതിയേതര വരുമാനങ്ങൾ -അവലോകനം | 1-9 |
| 28 | റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു | 1-10 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-11 |
| 30 | തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല | 1-12 |
| 31 | വ്യാപാരസ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-13 |
| 32 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 33 | വിനോദ നികുതി-ഇ ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 34 | മൊബൈൽ ടവർ കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-16 |
| 35 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം വരുമാനനഷ്ടം | 1-17 |
| 36 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വസ്തുനികുതി ഡിമാന്റിൽ പ്രതിഫലിക്കുന്നില്ല | 1-18 |
| 37 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതാണ് | 1-19 |
| 38 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കുമുള്ള ലൈസൻസ് -സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കാതെ പ്രവർത്തിക്കുന്നു | 1-20 |
| 39 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല | 1-21 |

| | | |
|---|---|---|
| 40 | വാടക - അപാകങ്ങൾ | 1-22 |
| 41 | ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 42 | റെഗുലറൈസേഷൻ ഫീ പെർമിറ്റ് ഫീസിനോട് ചേർത്ത് വാർഷിക കണക്ക് തയ്യാറാക്കുന്നു | 1-24 |
| 43 | കെട്ടിടനിർമ്മാണ പെർമിറ്റ് - അപാകങ്ങൾ | 1-25 |
| 44 | അനധികൃത കെട്ടിടനിർമ്മാണം - തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-26 |
| 45 | ലേലം-ഫയലുകൾ ലഭ്യമാക്കിയില്ല | 1-27 |
| 46 | മണ്ണ് ലേലം - മുഴുവൻ തുകയും ലഭ്യമായില്ല | 1-28 |
| 47 | സാമൂഹ്യ സുരക്ഷ പെൻഷൻ-അപാകങ്ങൾ | 1-29 |
| 48 | ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ മൂന്ന് മൃഗാശുപത്രികളിലേക്ക് മരുന്നു വാങ്ങൽ -വിതരണം ചെയ്ത സ്ഥാപനത്തിന് നാളിതുവരെയും തുക കൈമാറിയിട്ടില്ല | 1-30 |
| 49 | പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി - ധന സഹായത്തിന്റെ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 50 | പി.എം.എ.വൈ. ജനറൽ ഗുണഭോക്താവിന് എസ്.സി.വികസനഫണ്ടിൽ നിന്നും തുക അനുവദിച്ചു | 1-32 |
| 51 | അഴുക്കു ചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് റിനോവേഷൻ–കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തുക ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 52 | മരുന്നു വാങ്ങുന്നതിനുള്ള പ്രോജക്റ്റുകളിൽ മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 1-34 |
| 53 | പാലിയേറ്റീവ് കെയർ -മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-35 |
| 54 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-36 |
| 55 | ഗുരുവായൂർ ദേവസ്വം മാലിന്യ ശേഖരണ ഫീസിനത്തിലും അംശദായമിനത്തിലും വൻതുക അടവാക്കാൻ അവശേഷിക്കുന്നു. | 1-37 |
| 56 | തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ - വൗച്ചർ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-38 |
| 57 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂർ -രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-39 |
| 58 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല. | 1-40 |
| 59 | സെൻട്രൽ പെൻഷൻ ഫണ്ട്- പ്രതിമാസ വിഹിതം അടവാക്കുന്നില്ല. (ഫയൽ നം. എ2/18361/2013) | 1-41 |
| 60 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക- സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-42 |
| 61 | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ | 1-43 |
| 62 | സുലേഖ സ്റ്റേറ്റ്മെന്റിൽ കുറവ് ചെലവ് രേഖപ്പെടുത്തി | 1-44 |
| 63 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1- 45 |
| 64 | കുടിവെള്ള ടാങ്കർ – നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല | 1-46 |
| 65 | പ്രോജക്റ്റുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല | 1-47 |
| 66 | സ്മാർട്ട് ഗാർബേജ് ആപ്പ് -- വിനിയോഗവിവരങ്ങൾ ലഭ്യമല്ല | 1-48 |
| 67 | വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് വിതരണം -- വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-49 |
| 68 | ബയോകംമ്പോസ്റ്റർ ബിൻ വിതരണം -- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-50 |
| 69 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-തുക പൂർണ്ണമായി നൽകിയിട്ടില്ല | 1-51 |
| 70 | അമൃതം ഫുഡ് ഉത്പന്ന വിതരണക്കാരനിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-52 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2023 തീയതിയിലെ 2/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി: 18.03.2024**

**ജോയിന്റ് ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ**

## 1-1-1 ജേർണൽ വൗച്ചർ തയ്യാറാക്കുന്നതിലെ പിഴവ് - വാർഷിക കണക്കിൽ സാങ്കല്പികമായ വരവ്/ചെലവ്/ആസ്തി/ ബാധ്യത വർദ്ധനവ് രേഖപ്പെടുത്തുന്നു.

ജേർണൽ വൗച്ചർ തയ്യാറാക്കുന്നതിലെ പിഴവ് മൂലം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ബാങ്ക് മുഖേനയുള്ള ചെലവുകൾ ബുക്ക് ചെയ്യുമ്പോൾ ചെലവ്/ആസ്തി ശീർഷകത്തിലും വരവ്/ബാധ്യത ശീർഷകത്തിലും സാങ്കല്പികമായി വർദ്ധനവ് വരുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് | സുലേഖ/എ.സി.ആർ/ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള ചെലവ് | | | ജേർണൽ വൗച്ചർ പ്രകാരം വ്യത്യസ്ത ഹെഡുകളിൽ ബുക്ക് ചെയ്ത ചെലവ് | | | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| | | കോൺട്രാക്ടർക്ക് നൽകിയത് | ഡിഡക്ഷൻ | ആകെ | കോൺട്രാക്ടർക്ക് നൽകിയത് | ഡിഡക്ഷൻ | ആകെ | |
| 1 | 51/23 പടിഞ്ഞാറേ നടയിലെ കെട്ടിടം റിനോവേഷൻ | 384787 | 14252 | 399039 | 399039 | 14252 | 413291 | 14252 |
| 2 | 39/23 തൈക്കാട് വിവിധ മേഖലകളിലെ ടാർ പാച്ച് വർക്ക് | 234936 | 21681 | 256617 | 256617 | 21681 | 278298 | 21681 |

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ ജേർണൽ വൗച്ചറിന്റെയും പേയ്മെന്റ് വൗച്ചറിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് | ജേർണൽ വൗച്ചർ | | | | പേയ്മെന്റ് വൗച്ചർ | | | |
|---|---|---|---|---|---|---|---|---|---|
| | | വൗച്ചർ നമ്പർ/ തീയതി | Head | Dr | Cr | വൗച്ചർ നമ്പർ/ തീയതി | Head | Dr | Cr |
| 1 | 51/23 പടിഞ്ഞാറേ നടയിലെ കെട്ടിടം റിനോവേഷൻ | 42200302/ 15.6.2022 | 350100302 Contractors Control Account - Specific Grants | | 399,039 | 22202669/ 15.6.2022 | 350100302 Contractors Control Account - Specific Grants | 399,039 | |
| | | | 350200215 Recoveries Payable - Kerala Construction WorkersWelfare Fund - Specific Grants | | 3,563 | | 450630500 Kerala Bank (CFC GRANT) | | 399,039 |
| | | | 350200202 Recoveries | | 3,563 | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | Payable - Income Tax Deducted At Source-Specific Grants | | | | | | |
| | | | 350300700 Goods And Service Tax - CGST | | 3,563 | | | | |
| | | | 350300800 Goods And Service Tax - SGST | | 3,563 | | | | |
| | | | 410200100 Buildings - Municipality | 413,291 | | | | | |
| 2 | 39/23 തൈക്കാട് വിവിധ മേഖലകളിലെ ടാർ പാച്ച് വർക്ക് | 42200300/ 13.6.2022 | 350100303 Contractors Control Account - Special Fund | | 256,617 | 22202667/ 13.6.2022 | 350100303 Contractors Control Account - Special Fund | 256,617 | |
| | | | 150120200 Sale Of Scrap | | 3,113 | | 450630500 Kerala Bank (CFC GRANT) | | 256,617 |
| | | | 350200215 Recoveries Payable - Kerala Construction WorkersWelfare Fund - Specific Grants | | 5,611 | | | | |
| | | | 350200202 Recoveries Payable - Income Tax Deducted At Source-Specific Grants | | 5,611 | | | | |
| | | | 350300700 Goods And Service Tax - CGST | | 3,673 | | | | |
| | | | 350300800 Goods And Service Tax - SGST | | 3,673 | | | | |
| | | | 252200101 Roads-General | 278,298 | | | | | |

ക്രമ നമ്പർ 1 ലെ പ്രോജക്ടിന്റെ ജേർണൽ വൗച്ചർ പ്രകാരം യഥാർത്ഥ ചെലവിനേക്കാൾ അധികമായ തുക 410200100 എന്ന ആസ്തി ശീർഷകത്തിലും 350200215, 350200202, 350300700, 350300800 എന്നീ ബാധ്യത ശീർഷകങ്ങളിലുമായി ബുക്ക് ചെയ്തതായും ക്രമ നമ്പർ 2 ലെ പ്രോജക്ടിന്റെ ജേർണൽ വൗച്ചർ പ്രകാരം യഥാർത്ഥ ചെലവിനേക്കാൾ അധികമായ തുക 252200101 എന്ന ചെലവ് ശീർഷകത്തിലും 350200215, 350200202, 350300700, 350300800 എന്നീ ബാധ്യത ശീർഷകങ്ങളിലും 150120200 എന്ന വരവ് ശീർഷകങ്ങളിലുമായി ബുക്ക് ചെയ്തതായും മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. ഇത 2022-23 വർഷത്തെ സ്ഥാപനത്തിന്റ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു. 2023-24 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 2022-23 വർഷത്തെ വാർഷിക കണക്കിൽ ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ബാങ്ക് മുഖേനയുള്ള ചെലവുകൾ ബുക്ക് ചെയ്തപ്പോൾ അധികമായി ഉൾപ്പെട്ട എല്ലാ വരവ്/ചെലവ്/ആസ്തി/ബാധ്യത വർദ്ധനവ് കണ്ടെത്തി ആയതിലെ റവന്യൂ ചെലവുകൾ “Prior Period Item” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിലും മൂലധന ചെലവുകൾ ഉചിതമായ ആസ്തി ശീർഷകത്തിലും ക്രെഡിറ്റ് ചെയ്യേണ്ടതും, വരവുകൾ “Prior Period Item” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിലും ബാധ്യതകൾ ബന്ധപ്പെട്ട ബാധ്യത ശീർഷകത്തിലും ഡെബിറ്റ് ചെയ്യേണ്ടതുമാണ്. ഇപ്രകാരം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ബാങ്ക് മുഖേനെയുള്ള ചെലവുകൾ ബുക്ക് ചെയ്തപ്പോൾ വാർഷിക കണക്കിൽ സാങ്കല്പികമായ വരവ്/ചെലവ്/ആസ്തി/ബാധ്യത വർദ്ധനവ് രേഖപ്പെടുത്താനിടയായതിന്റെ കാരണം കണ്ടെത്തേണ്ടതും 2022-23 വർഷത്തിൽ ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ബാങ്ക് മുഖേനയുള്ള എല്ലാ ചെലവുകളും പരിശോധിച്ച് ഇപ്രകാരം സംഭവിച്ചിട്ടുള്ള എല്ലാ ചെലവുകളുടെയും വിവരങ്ങളും ആയത് പരിഹരിക്കാൻ മേൽ പരാമർശിച്ച പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

### 1-1-2 വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ്-സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ പത്രിക പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ ചെലവ് തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖ പ്രകാരം ആകെ ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 4,84,11,704 | 4,92,41,216 | 8,29,512 |
| വികസന ഫണ്ട്-എസ് സി പി | 1,69,27,584 | 1,71,35,584 | 2,08,000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,87,89,372 | 4,89,95,917 | 2,06,545 |

മേൽ പരാമർശിച്ച ഫണ്ടുകളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ 320200111 Development Fund - CFC Grant Tied, 320200112 Development Fund - CFC Grant UnTied എന്നീ ശീർഷകങ്ങൾ പ്രകാരം സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള പ്രൊജക്ടുകളുടെ ബാങ്ക് മുഖേനയുള്ള ചെലവുകൾ യഥാക്രമം 22802823/-, 21839704/- രൂപയാണ്( ബാക്കി 4353390 രൂപ

ട്രഷറി മുഖേനയാണ് ചെലവഴിച്ചത്. ). ഈ തുകകളുടെ വരവ് /ചെലവ് I-6 ലെ സി.എഫ്.സി ഗ്രാന്റുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം 160109900-Other Revenue Grants എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. കൂടാതെ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല. മേൽ അപാകങ്ങൾ 2022-23 വർഷത്തെ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്/ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു. 2023-24 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 2022-23 വർഷത്തെ യഥാർത്ഥ ചെലവ് കണ്ടെത്തി വ്യത്യാസം വരുന്ന തുക "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതും 2022-23 വർഷത്തിൽ സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള ചെലവുകളിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക പ്രസ്തുത തുക വരവ് വെച്ച "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/31.01.2024)

**1-1-3 MLA ഫണ്ട് പ്രകാരമുള്ള ചെലവ് നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

തൃശ്ശൂർ ജില്ലാ കളക്ടറുടെ 18.5.2022 ലെ DC Tsr/4875/2020/Fin നമ്പർ ഉത്തരവ് പ്രകാരം തൊഴിയൂർ സബ് സെന്ററിൽ കോൺഫറൻസ് ഹാൾ നിർമിക്കുന്നതിനായി 1829152 രൂപ നഗരസഭക്ക് MLA ഫണ്ടിൽ നിന്ന് നഗരസഭക്ക് കൈമാറുകയും പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ പ്രസ്തുത ഇടപാട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ പ്രസ്തുത തുക ഉപയോഗിച്ച് നിർമിച്ച കോൺഫറൻസ് ഹാൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-4 തുക ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.**

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 49/ 23 ടൗൺ ഹാളിലേക്ക് ജനറേറ്റർ വാങ്ങൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച 868801 രൂപ (വൗച്ചർ നമ്പർ 22202513/19.11.2022, വികസന ഫണ്ട് ജനറൽ) ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതിനു പകരം 251100201 Primary Education-General എന്ന റവന്യൂ ശീർഷകത്തിൽ രേഖപ്പെടുത്തി. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

2023-24 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ മേൽ തുക "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവായി ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-5 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 593805 /- രൂപയുടെ നിക്ഷേപം കാണുന്നു. ആയതിൽ 500000 രൂപയുടെ നിക്ഷേപത്തിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള 93805 രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. 17.3.2022 ൽ 24 മാസത്തേക്കാണ് മേൽ തുക നിക്ഷേപിച്ചിട്ടുള്ളത്. 17.05. 2007 തീയതിയിലെ 130/2007/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിക്ഷേപങ്ങളുടെ പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ 17.3.2022 ൽ നിക്ഷേപിച്ച 93805 രൂപയുടെ 31.3.2023 വരെയുള്ള പലിശ കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-6 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410900 | Canara Bank Regular Pension-0838101046068 | 337436 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുക 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-7 ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ**

1. തെറ്റായ നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കി.

2022-23 വർഷത്തെ Income And Expenditure പത്രികയുടെ സംക്ഷിപ്തം പ്രകാരം 91594414/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പ്രകാരം വിവിധ ആസ്തികൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ (GO(MS)130/2008/LSGD Dt 9.5.2008) നിന്ന് വ്യത്യസ്തമായ നിരക്കിലാണ് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കൂടാതെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിവരങ്ങൾ ഉൾപ്പെട്ട ഷെഡ്യൂൾ വാർഷിക കണക്കിൽ ലഭ്യവുമല്ല.

| ക്രമ നമ്പർ | ആസ്തി | 31.3.2023 ലെ ആസ്തി മൂല്യം | സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിപ്രീസിയേഷൻ നിരക്ക് (%) | വർക്ക്ഷീറ്റ് പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കിയ നിരക്ക് (%) | വ്യത്യാസം (%) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Concrete Roads | 1567718 | 10 | 16.67 | 6.67 |
| 2 | Bridges | 460000 | 2.5 | 16.67 | 14.17 |
| 3 | Reservoir | 100148000 | 2.5 | 10 | 7.5 |
| 4 | EPABX System | 6614 | 10 | 20 | 10 |

2023-24 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ തെറ്റായ നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കിയ മേൽ പരാമർശിച്ച ആസ്തികളുടെ 31.3.2024 ലെ യഥാർത്ഥ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി.

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800100 – Other Fixed Asset-Municipality, 4108000200-Other Fixed Asset-Transferred Institutions എന്ന ആസ്തികൾക്ക് യഥാക്രമം 61225156, 5150926( ആകെ 66376082) രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumalated Depreciation (411800100 Accumulated Depreciation - Other Fixed Assets) 282376998 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

### 1-1-8 പ്രൊവിഷൻ രേഖപ്പെടുത്തിയതിലെ അപാകതകൾ.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരം, നികുതി നികുതിയേതര ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2023 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട് .വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | 2022-23 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2023 ലെ അക്യുമുലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 432100100 - Provision For Outstanding Property Taxes | 3051542 | 9937379 |
| | 432120100 – Provision For Outstanding Profession Tax - | 281722 | 440349 |

| | | | |
|---|---|---|---|
| | Institutions/ Professionals/ Traders | | |
| | 432120200 – Provision For Outstanding Advertisement Tax | - | 5000 |
| | 432300201 – Provision For Outstanding License Fees | 9365 | 45005 |
| | 432400101 – Provision For Outstanding Rent Receivable From Civic Amenities | 1277907 | 5300123 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-9 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

20022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗുരുവായൂർ നഗരസഭയിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./ തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110010100-Property Tax(General) | 42200448/1.4.2022 | 47794838 (2022-23 വർഷത്തിൽ 1590 പുതിയ കെട്ടിടങ്ങൾ അസസ്സ് ചെയ്യപ്പെട്ടിട്ടുണ്ട്.) |

| | | |
|---|---|---|
| 140110100-Licence Fees For Dangerous And Offensive Trades | 42200453/1.4.2022 | 2608670 |
| 110100100-Profession Tax- Institutions/ Professionals/ Traders | 42200449/1.4.2022 | 3750000 |
| | 42200451/1.4.2022 (ഡിമാൻഡ് കുറവ് ചെയ്യൽ ) | 100000 |
| 130100800 – Rent From Shopping Complex | 42200452/1.4.2022 | 5893261 |
| 130400100- Rent From Lease Of Lands | 42200602/1.4.2022 | 1073997 |
| 110010200- Service Cess U/S 26 | 42200606/1.4.2022 | 4291766(തൻവർഷം ) |
| | 42200606/1.4.2022 | 1387308(കുടിശ്ശിക) |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-11 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല.**

“Directly Credited By Bank” എന്ന ഇനത്തിൽ തുക ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയ അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തുക |
|---|---|
| SIB (Profession Tax) (450210400) (A/C 0408053000013075) | 8255 (8252 രൂപ 1.4.2022 തീയതിയിലും (പാസ് ബുക്ക് പ്രകാരം മേൽതുക മുന്നിരിപ്പാണ്) 3 രൂപ 28.2.2023 തീയതിയിലും ക്രെഡിറ്റ് ആയതായാണ് റീകൺസീലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ) |

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

### 1-1-12 റീകൺസിലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 ലെ റീകൺസിലിയേഷൻ പത്രികയിൽ ഈ തുക "Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നഗരസഭയുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് വർഷങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| PNB 26441 (450620100) | 24.07.2021 | 82993 |

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

### 1-1-13 വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1 തൻവർഷം**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 49048236 | 37253491 | 526903 | 11427730 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 47794838 | 38641844 | 21028 | 9131967 |

**2 കടിശ്ശിക**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 50435951 | 18973590 | 31072889 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29613697 | 18888214 | 10725484 |

**3 ലൈബ്രറി സെസ്സ്**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5037151 | 2826125 | 26782 | 2156857 |
| വാർഷികകണക്കിലെ | 3870424.13 | 2877555 | - | 992871.13 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | | | | |

**4 സർവീസ് സെസ്സ്**

**4.1 തൻവർഷം**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4897028 | 3723513 | 68296 | 1131674 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം/ലെഡ്ജർ | 4291766 | 4291766 | 0 | 0 |

**4.2 കുടിശ്ശിക**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3469357 | 1831538 | 2225639 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1387308 | 1387308 | 0 |

5. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2877555 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2826125 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 2877553 രൂപയാണ്.

6. **മുൻകൂർ വസ്തു നികുതി**

6.1 റെസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ ആർ പി -29 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ 2022-23 വർഷം മുൻകൂർ ആയി ലഭിച്ചതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | റെസീപ്റ്റ് ആൻഡ് പേയ്മെന്റ് | സഞ്ചയ സോഫ്റ്റ്‌വെയർ |
|---|---|---|---|

| | | | |
|---|---|---|---|
| | | ഷെഡ്യൂൾ ആർ പി -29 പ്രകാരമുള്ള തുക | പ്രകാരമുള്ള തുക |
| 1 | 350410101- Advance Collection Of Revenues - Property Tax | 54 | 313917 |
| 2 | 350410104 – Advance Collection Of Revenues – Service Cess | - | 32115 |

6.2 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | റെസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ ആർ പി -29 പ്രകാരമുള്ള തുക | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350410101- Advance Collection Of Revenues - Property Tax | 54 | 1608783 |
| 2 | 350410104 – Advance Collection Of Revenues – Service Cess | 95 | 175003 |

7. വസ്തുനികുതിയുടെ 10 ശതമാനം തുകയാണ് സർവീസ് സെസ്സ് ആയി നഗരസഭയിൽ ഈടാക്കുന്നത്. എന്നാൽ വാർഷിക കണക്കിൽ സർവീസ് സെസ്സ് ഇനത്തിൽ തൻ വർഷത്തെയും മുൻ വർഷങ്ങളിലെയും ലഭിക്കാനുള്ള തുക തൻ വർഷം

ഡിമാൻഡായി രേഖപ്പെടുത്തുകയും തത്തുല്യ തുക കളക്ഷൻ രേഖപ്പെടുത്തുകയും ചെയ്തതിനാൽ ബാലൻസ് ഷീറ്റ് B-15 പ്രകാരം സർവീസ് സെസ്സ് ഇനത്തിൽ തുക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-14 രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപെടുന്നില്ല**

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ |
|---|---|---|---|
| 1 | ഡി & ഓ | 350410301-Advance Collection Of Revenues-Licence Fees | 554550 |
| 2 | വാടക | 350410401-Advance Collection Of Revenues - Rent From Civic Amenities | 17560 |

2. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| വരവ് | 9928487 (RP-24 ഷെഡ്യൂളിലെ 320809900 എന്ന അക്കൗണ്ട് ഹെഡ് പ്രകാരം) | 10050323 |
| ചെലവ് | 10954851 (RP-14 ഷെഡ്യൂളിലെ 250200100 എന്ന അക്കൗണ്ട് ഹെഡ്ഡും, RP-15 ഷെഡ്യൂളിലെ 260200101 എന്ന അക്കൗണ്ട് ഹെഡ്ഡും പ്രകാരം) | 11008578 |
| നീക്കിയിരിപ്പ് | 16283 (B4 ഷെഡ്യൂളിലെ 320809900 എന്നിവ പ്രകാരം) | 19393 |

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-15 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

1. കാഷ് അടിസ്ഥാനത്തിൽ/അക്രൂവൽ ആയി രേഖപ്പെടുത്തുന്ന വരവിനങ്ങളുടെ ഡിമാൻഡ് /വരവ് രജിസ്റ്ററുകളിൽ ഡി സി ബി സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP -3, RP-4, RP-5 എന്നിവ പ്രകാരമുള്ള വരവിനങ്ങളുടെ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ RP-27, B-7 എന്നീ ഹെഡ്ഡുകളിലെ രേഖപെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. ആയതിനാൽ RP-41, B-18 എന്നീ ഷെഡ്യൂളുകളിലെ 460500202, 460100800, 460400203, 460509909, 460600100, 460600300 എന്നീ ഹെഡ്ഡുകളിലെ രേഖപെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 123459/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ രേഖപെടുത്തലിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-6 Unsecured Loan പ്രകാരം Loans From State Government എന്നതിൽ 20,61,29,670/- തിരിച്ചടക്കാൻ ബാക്കിയുണ്ട്. വായ്പ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-16 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നം. 24,25,26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-17 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ

ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. വർഷാന്ത്യത്തിലെ സംക്ഷിപ്തം മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

B. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

C. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

D. വാടക ഡിമാന്റ് രജിസ്റ്റർ

E. ലൈബ്രറി രജിസ്റ്റർ

F. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

G ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

H. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

I. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

J. ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

K. വിനോദ നികുതി രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-1-18 ഡെഫ് അക്കൗണ്ടുകളിലെ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.**

ഗുരുവായൂർ കോപ്പറേറ്റീവ് അർബൻ ബാങ്കിലെ നഗരസഭയുടെ 4374,3907 എന്നീ നമ്പർ ബാങ്ക് അക്കൗണ്ടുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഡെഫ് അക്കൗണ്ടായി മാറ്റിയതായി 8.7.2021 ൽ ബാങ്ക് മാനേജർ നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മേൽ അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുകകളായ യഥാക്രമം 49566.2, 36055 രൂപ തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/30.01.2024)

**1-2 ബജറ്റ്**

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26.03.2022 | 1 | 2,38,91,20,199 | 2,42,15,06,617 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20.03.2023 | 1 | 1,10,15,40,360 | 1,03,72,83,363 |

**1-3 ഫണ്ട് വിനിയോഗം**

| ഗ്രാന്റ് | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | *നീക്കിയിരുപ്പ്/ **ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 50493960 | 50493960 | 48411704 | 2082256 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 18565000 | 18565000 | 16927584 | 1637416 |
| മെയിന്റനൻസ്, റോഡ് | | 0 | 39186000 | 39186000 | 35092435 | 4093565 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 22408000 | 22408000 | 15810689 | 6597311 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | ട്രഷറി | 0 | 4400795 | 4400795 | 2018352 | 2382443 |
| | ബാങ്ക് | 4222783 | 18580040 | 22802823 | 22802823 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | ട്രഷറി | 0 | 4370370 | 4370370 | 2335038 | 2035332 |
| | ബാങ്ക് | 10333928 | 12128000 | 22461928 | 21839704 | 622224 |

കുറിപ്പ്:

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ എ.സി.ആർ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള പ്രസ്തുത തുകകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

3. പ്രത്യേക ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ

തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.ആയത് സംബന്ധിച്ച് ഖ: 1-1-2 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

2022 -23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 376 | 268836644 | 272 | 170980386 | 63.6 | 72% |

## 1-5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 977648 | 10050323 | 11027971 | 11008578 | 19393 |

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള മേൽ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധിച്ച് ഖ:1-1-14 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 39,60,600 | 297 |
| വിധവാപെൻഷൻ | 3,13,52,800 | 2658 |
| വാർദ്ധക്യകാല പെൻഷൻ | 7,28,85,200 | 6230 |
| വികലാംഗപെൻഷൻ | 77,778,00 | 668 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 25,08,600 | 216 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 6,90,000 | 23 |
| മിശ്ര വിവാഹിതർക്കുള്ള ധനസഹായം | 60,000 | 2 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2024 തീയതിയിൽ 3.15 PM ന് മുനിസിപ്പാലിറ്റി അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,29,154/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകങ്ങൾ

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകങ്ങൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നഗരസഭയുടെ നികുതി-നികുതിയേതര വരുമാനങ്ങൾ -അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിറ്റ്സ് പരിശോധന നടത്തിയതു പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുണ്ട്. നഗരസഭയിൽ വസ്തു നികുതി പിരിവ് ഊർജ്ജപ്പെടുത്തുന്നതിന് വേണ്ടി മൈക്ക് അനൗൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ എന്നിവ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 30.11.2022, 16.02.2023 ലും തീരുമാനമെടുത്തിട്ടുണ്ട്.

നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിന് കൂട്ടായ പ്രവർത്തനങ്ങളാണ് മുനിസിപ്പാലിറ്റി സ്വീകരിച്ച് വരുന്നത് എങ്കിലും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള പ്രചരണമാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ വാർഡ് സഭകളിൽ നിലവിൽ നടത്തി വരുന്നില്ല.

### വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി | 47,394,838 | 47,794,838 | 0.84 | 1590 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, പ്രൊഫഷണലുകൾ, ട്രേഡേഴ്സ് | 3,604,000 | 3,650,000 | 1.3 | |

| | | | |
|---|---|---|---|
| തൊഴിൽ നികുതി - ജീവനക്കാർ | 7,462,616 | 7,998,630 | 7.18 |
| വിനോദനികുതി | 185,533 | 1,314,240 | 608.36 |
| വാടകയിനത്തിലുള്ള മുനിസിപ്പാലിറ്റിയുടെ വരവുകൾ | 8,723,713 | 10,118,530 | 15.99 |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് നഗരസഭ തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

തനതു വരുമാനത്തിന്റെ ഡിമാന്റ് തുകയുടെ 90% കളക്ഷൻ സാധ്യമാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2022-23 വർഷം മുതൽ ലഭിക്കേണ്ടുന്ന വികസനഫണ്ട് (ജനറൽ) നിന്നും അലോട്ട്മെന്റ് തുകയുടെ 1% കുറവു ചെയ്ത തുക മാത്രമേ നല്കുന്നുള്ളൂ എന്ന് ജിഒ(എംഎസ്)നം179/2022/ഫിൻ/18.10.2022 എന്ന ഉത്തരവിൽ ഉള്ളതു പ്രകാരം 2022-23 വർഷത്തെ നഗരസഭയ്ക്ക് ലഭിക്കേണ്ട വികസനഫണ്ട് (ജനറൽ) നിന്നും 510040/- രൂപ കുറവ് ചെയ്തിട്ടാണ് 2022-23 വർഷത്തിൽ ലഭ്യമായിട്ടുള്ളത്. 90% കളക്ഷൻ സാധ്യമാക്കാൻ നഗരസഭ യതിക്കേണ്ടതാണ്.

<u>വസ്തുനികുതി</u>

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. 24.11.2023 ലെ മുനിസിപ്പാലിറ്റി കൗൺസിലിന്റെ 4-ാം നമ്പർ തീരുമാനപ്രകാരം അടിസ്ഥാന നിരക്ക് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ടെന്നും വസ്തുനികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കി വരുന്നതെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധിക്കുകയും ആയതിനെതിരെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>സേവന ഉപനികുതി</u>

മുനിസിപ്പാലിറ്റി നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം-3%, ശുചിത്വ പരിപാലനം-4%, തെരുവുവിളക്കുകൾ-2%, ഡ്രൈനേജ്-1%) 10% ചുമത്തുകയും ആയത് പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. നഗരസഭ പരിധിയിലുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ സർവീസ് ചാർജ് ഈടാക്കുന്നുണ്ട്.

<u>തൊഴിൽനികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്

പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

വിനോദനികുതി

മുനിസിപ്പാലിറ്റി പരിധിയിൽ ടർഫ് കോർട്ട്, നീന്തൽക്കുളം, കേബിൾ ടിവി നെറ്റ്‌വർക്ക് തുടങ്ങിയവ ഉണ്ടെങ്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

ഈ ഇനങ്ങളിൽ നഗരസഭക്ക് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്.

നികുതിയേതര വരവുകൾ

വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭപ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ലൈസൻസ്

നഗരസഭയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ലേലം, വാടക തുടങ്ങിയവ

കടമുറികളുടെ ലേലം/പുനർലേലം നടക്കുന്നുണ്ടെങ്കിലും ചില കടമുറികളുടെ ലേലത്തിൽ ആരും പങ്കെടുക്കാത്തതിന്റെ കാരണം നഗരസഭ കൗൺസിലിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

നഗരസഭയ്ക്ക് നിഷ്ക്രിയ ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

**1–10 റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു**

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8-ാമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള അലോട്മെന്റിൽ നിന്നും എസ്.സി/എസ്.ടി ഫണ്ടുകൾ അല്ലാതെയുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ.(കൈ) 179/2022/ ധന തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാംഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള സ.ഉ.(സാധാ)നം.1049/2023/ധന തീയതി 13.2.2023 ൽ ഗുരുവായൂർ മുനിസിപ്പാലിറ്റിക്കുള്ള വികസനഫണ്ടിൽ നിന്നും 510040/- രൂപ കുറവ് ചെയ്തിട്ടുണ്ട്.

ഓരോ ഇനത്തിലുമുള്ള വരവുകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്ന വിധം ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടായിട്ടുണ്ട്.

മേൽപ്രകാരം റവന്യൂ ഡിമാന്റിന്റെ 90% പിരിച്ചെടുക്കാതിരുന്നതിന് കാരണം അറിയിക്കുന്നതിനും 510040/- രൂപ വികസനഫണ്ടിൽ നഷ്ടപ്പെടുത്തിയതിനുള്ള സ്ഥാപനത്തിന്റെ മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി-നികുതിയേതര വരുമാനങ്ങൾ സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും നഗരസഭ യത്നിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.25/31.01.2024)

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. (കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 , വകുപ്പ് 245)

തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | വിസ്ഡം കോളേജ്, പാലുവായ് | I,II |
| 2 | പോസ്റ്റ് ഓഫീസ്, ചക്കംകണ്ടം | II |
| 3 | ക്രൗൺ ഗ്ലാസ് ഗ്യാലറി, അങ്ങാടിത്താഴം | I, II |
| 4 | എസ് ആർ ട്രെയിനിങ് കമ്പനി, അങ്ങാടിത്താഴം | I, II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.27/31.01.2024)

## 1-12 തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല

I. 2022-23 ലെ തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാനപത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

**ഒന്നാം അർദ്ധവർഷം**

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 1. | ഹൃദ്യ പി ബി, അസിസ്റ്റന്റ് ബ്രാഞ്ച് മാനേജർ | ധനലക്ഷ്മി ഹയർ പർച്ചേസ് & ലീസിങ് ലിമിറ്റഡ് | 120000 | 750 | 1000 |
| 2. | പ്രഭിത പി, അസിസ്റ്റന്റ് ബ്രാഞ്ച് | “ | 90600 | 600 | 750 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| | മാനേജർ | | | | |
| 3. | വിനീത് ടി വി, ലോൺ മാനേജർ | " | 138600 | 1000 | 1250 |
| 4 | ദീപക് പി എ, റിലേഷൻഷിപ്പ് ഓഫീസർ | " | 108000 | 750 | 1000 |
| 5 | പ്രജിത്ത് പി സി, ക്രെഡിറ്റ് ഓഫീസർ | " | 130680 | 1000 | 1250 |
| 6 | മിഥുൻ പി ജെ, റിലേഷൻഷിപ്പ് ഓഫീസർ | " | 102000 | 600 | 1000 |
| 7 | അൻസ്യാൽ റ്റി എസ്, റിലേഷൻഷിപ്പ് ഓഫീസർ | " | 105000 | 600 | 1000 |
| 8 | സുജിത്ത് സി എസ്, സെയിൽസ് എക്സിക്യൂട്ടീവ് – ഓട്ടോലോൺ | " | 105000 | 600 | 1000 |
| 9 | ഹരിപ്രിയ എം എ, AE (Civil) | ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി | 314580 | 1000 | 1250 |
| 10 | അശ്വതി വി, AE (Civil) | " | 314580 | 1000 | 1250 |
| 11 | സുരേഷ്കുമാർ കെ കെ, കൊമ്പ് | " | 104960 | 750 | 1000 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 12 | ശരത്ത് എ യു, കുക്കിംഗ് അസിസ്റ്റന്റ് | “ | 126300 | 1000 | 1250 |
| 13 | ശ്രീജ കെ എസ്, അക്കൗണ്ട്സ് | ദേവരാഗം റിസോർട്ട്സ് പ്രൈ ലി, ഗുരുവായൂർ | 90000 | 600 | 750 |
| 14 | ഉണ്ണികൃഷ്ണൻ, ബെൽബോയ് | “ | 64896 | 300 | 600 |
| 15 | ദീപ കെ ഡി, ജനറൽ വർക്കർ | “ | 64896 | 300 | 600 |
| 16 | പങ്കജം, HK | കൃഷ്ണ ഇൻ. | 72919 | 450 | 600 |
| 17 | മുരളി മോഹൻ, അഡ്മിൻ | “ | 121680 | 600 | 1000 |
| 18 | ലത, ഡിഷ് വാഷ് | “ | 77381 | 600 | 750 |
| 19 | സഞ്ജയ് സനൽ, F &B-P | “ | 86016 | 600 | 750 |
| 20 | സനീഷ് നായർ, FO | “ | 69448 | 450 | 600 |
| 21 | സോണിഷ കെ പി, FO | “ | 69747 | 300 | 600 |
| 22 | സന്താന കൃഷ്ണ, F&B-S | “ | 65787 | 450 | 600 |
| 23 | സത്യൻ ഇ, F &B-P | “ | 102601 | 750 | 1000 |
| 24 | സുഗണലാൽ, HK | “ | 90759 | 600 | 750 |
| 25 | വേലായുധൻ, | ശ്രീവിഹാർ | 45000 | 300 | 450 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| | റൂം ബോയ് | ടൂറിസ്റ്റ് ഹോം | | | |
| 26 | പി സി വാസു, റൂം ബോയ് | “ | 45000 | 300 | 450 |
| 27 | ശങ്കരൻ കെ ടി, GDSMD | O/O പോസ്റ്റ്മാസ്റ്റർ, ഗുരുവായൂർ | 107058 | 750 | 1000 |
| 28 | ഷാജു എ ജി, മാനേജർ | പോളക്കുളത്ത് ശ്രീകൃഷ്ണ റീജൻസി, കിഴക്കേ നട, ഗുരുവായൂർ | 60000 | 450 | 600 |
| 29 | നവീൻ വി നായർ, അസിസ്റ്റന്റ് മാനേജർ | ഇന്ത്യൻ ബാങ്ക്, ഗുരുവായൂർ | 332928 | 625 | 1250 |
| 30 | വൈഷ്ണവ് ജയൻ, ക്ലർക്ക് | “ | 189432 | 625 | 1250 |

II. 2022-23 തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാനപത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

**രണ്ടാമത്തെ അർദ്ധവർഷം**

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 1. | ശങ്കരൻ കെ ടി, GDSMD | O/O പോസ്റ്റ്മാസ്റ്റർ, ഗുരുവായൂർ | 107058 | 750 | 1000 |
| 2. | അർജ്ജുൻ പി പ്രസാദ്, മാനേജർ | ഇന്ത്യൻ ബാങ്ക് ഗുരുവായൂർ | 498360 | 416 | 1250 |
| 3. | ശ്രീജിത്ത് മേനോൻ, | “ | 465768 | 832 | 1250 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| | മാനേജർ | | | | |
| 4. | നവീൻ വി നായർ, അസിസ്റ്റന്റ് മാനേജർ | " | 332928 | 1248 | 1250 |
| 5. | ശങ്കർ എസ് , അസിസ്റ്റന്റ് മാനേജർ | " | 285030 | 416 | 1250 |
| 6. | ഡെയ്സി കുട്ടി, സ്പെഷ്യൽ അസിസ്റ്റന്റ് | " | 740658 | 1248 | 1250 |
| 7. | അഞ്ജിത്ത്, ക്ലർക്ക് | " | 237102 | 1248 | 1250 |
| 8. | വൈഷ്ണവ്, ക്ലർക്ക് | " | 189252 | 832 | 1250 |
| 9. | വിഷ്ണു, ക്ലർക്ക് | " | 237102 | 832 | 1250 |
| 10. | ഷാജു എ ജി, മാനേജർ | പോളക്കുളത്ത് ശ്രീകൃഷ്ണ റീജൻസി, കിഴക്കേ നട, ഗുരുവായൂർ | 60000 | 450 | 600 |
| 11 | രവീന്ദ്രൻ കെ ആർ, ബാർമാൻ | " | 60000 | 450 | 600 |
| 12 | വേണഗോപാൽ, അക്കൗണ്ടന്റ് | " | 60000 | 450 | 600 |
| 13 | സുരേഷ് നാരായണൻ, ബാർമാൻ | " | 60000 | 450 | 600 |
| 14 | വി എസ് വേലായുധൻ, റൂം ബോയ് | ശ്രീവിഹാർ ടൂറിസ്റ്റ് ഹോം | 45000 | 300 | 450 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 15 | പി സി വാസു, റൂം ബോയ് | " | 45000 | 300 | 450 |
| 16 | ദീപ കെ ഡി, ജനറൽ വർക്കർ | ദേവരാഗം റിസോർട്ട്സ് പ്രൈ. ലി, ഗുരുവായൂർ | 64896 | 300 | 600 |
| 17 | പ്രമോജ് | കൃഷ്ണ ഇൻ | 77772 | 600 | 750 |
| 18 | ഹൃദ്യ പി ബി, ബ്രാഞ്ച് ഇൻ ചാർജ്ജ് | ധനലക്ഷ്മി ഹയർ പർച്ചേസ് & ലീസിങ് ലിമിറ്റഡ് | 120000 | 750 | 1000 |
| 19 | പ്രരിത കെ എസ്, CRE | " | 90000 | 600 | 750 |
| 20 | നീതു എം ആർ, CRE | " | 84000 | 180 | 750 |
| 21 | അജിത വി കെ, CRE | " | 84000 | 180 | 750 |
| 22 | ശ്വേത പ്രവീൺ, CRE | " | 84000 | 180 | 750 |
| 23 | ദീപക് പി എ, റിലേഷൻഷിപ്പ് ഓഫീസർ | " | 108000 | 750 | 1000 |
| 24 | അൻസ്യാൽ റ്റി എസ്, റിലേഷൻഷിപ്പ് ഓഫീസർ | " | 105000 | 600 | 1000 |
| 25 | വിനയകുമാർ, കൊമ്പ് പ്ലെയർ | ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി | 170130 | 1000 | 1250 |
| 26 | ശ്രീരാജ് | " | 170130 | 1000 | 1250 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| | ശ്രീധരൻ, കൊമ്പ് പ്ലെയർ | | | | |
| 27 | രമോജ് എം ആർ, ഇലത്താളം പ്ലെയർ | " | 170130 | 1000 | 1250 |
| 28 | രാമകൃഷ്ണൻ ജി എൻ, അഷ്ടപതി | " | 131712 | 750 | 1250 |
| 29 | കണ്ണൻ ആർ, നാദസ്വരം | " | 197202 | 750 | 1250 |
| 30 | കെ രാജേഷ്, R/B | " | 68850 | 450 | 600 |
| 31 | പ്രതീഷ് ഒ ആർ, ഹെൽത്ത് | " | 60000 | 450 | 600 |
| 32 | സുനിൽ ടി പി, SVA/R/B | " | 60000 | 450 | 600 |
| 33 | രതീഷ് എം, SVA/R/B | " | 60000 | 450 | 600 |
| 34 | വി ടി സന്ധ്യ, സ്വീപ്പർ | " | 66550 | 450 | 600 |
| 35 | ഷിനു കെ വി, S/W | " | 76950 | 450 | 750 |
| 36 | വിഷ്ണു പി കെ, S/W | " | 68850 | 450 | 600 |
| 37 | സുബിത പി വി, S/W | " | 64800 | 450 | 600 |
| 38 | സജിത്ത് എൻ എസ്, S/W | " | 64800 | 450 | 600 |
| 39 | സുരേഷ്കുമാർ കെ ടി, | " | 60000 | 450 | 600 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| | സോപാനം കാവൽ | | | | |
| 40 | രാജീവ് വി കെ, സോപാനം കാവൽ | “ | 60000 | 450 | 600 |
| 41 | ഷിജു കെ എം, സോപാനം കാവൽ | “ | 60000 | 450 | 600 |
| 42 | മനോജ് എം എൻ, സോപാനം കാവൽ | “ | 60000 | 450 | 600 |
| 43 | പ്രസാദ് സി എൻ, സോപാനം കാവൽ | “ | 60000 | 450 | 600 |
| 44 | ദിലീഷ് കെ എം, സോപാനം കാവൽ | “ | 60000 | 450 | 600 |
| 45 | ശശി സി കെ, സോപാനം കാവൽ | “ | 60000 | 450 | 600 |
| 46 | വിനീഷ് വി ബി, സോപാനം കാവൽ | “ | 60000 | 450 | 600 |
| 47 | ശിവദാസ് കെ, സോപാനം കാവൽ | “ | 60000 | 450 | 600 |
| 48 | സുധീഷ് ടി ബി, സോപാനം കാവൽ | “ | 60000 | 450 | 600 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 49 | ഷാമിൻ ടി അശോകൻ, സോപാനം കാവൽ | “ | 60000 | 450 | 600 |
| 50 | മനോജ് പി ബി, സോപാനം കാവൽ | “ | 60000 | 450 | 600 |
| 51 | വിനയൻ എൻ ആർ, സോപാനം കാവൽ | “ | 60000 | 450 | 600 |
| 52 | നിബിൻ എം വി, സോപാനം കാവൽ | “ | 60000 | 450 | 600 |
| 53 | ഹരിദാസൻ കെ പി, സോപാനം കാവൽ | “ | 60000 | 450 | 600 |
| 54 | ലളിത ടി എൻ, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 55 | പ്രഭാവതി എം ടി, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 56 | മോളി പി, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 57 | രാധാമണി അമ്മ, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 58 | പുഷ്പലത പി വി, വനിത | “ | 60000 | 450 | 600 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| | സെക്യൂരിറ്റി | | | | |
| 59 | ഉഷ ശ്രീനിവാസൻ, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 60 | സതി അനസൂയ ഇ വി, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 61 | പ്രേമ എൻ ആർ, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 62 | വത്സല എ വി, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 63 | ശ്രീദേവി കെ, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 64 | പ്രേമലത കെ കെ, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 65 | ജയലക്ഷ്മി നായർ എസ്, വനിത സെക്യൂരിറ്റി | “ | 60000 | 450 | 600 |
| 66 | സന്തോഷ് വി എസ്, ടാങ്കർ ലോറി ക്ലീനേഴ്സ് | “ | 60000 | 450 | 600 |

തൊഴിൽ നികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III. തൊഴിൽ നികുതി അടവാക്കുന്നതിനൊപ്പം നല്കുന്ന സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ തൊഴിൽ നികുതി തുക മാത്രം രേഖപ്പെടുത്തിയിട്ടുള്ളവയുണ്ട്.

ഉദാഹരണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 1 | അരുൺ സി മോഹൻ, ലാബ് അസിസ്റ്റന്റ് | ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി | രേഖപ്പെടുത്തിയിട്ടില്ല | 750 | അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താ-ത്തതിനാൽ ഈടാക്കേണ്ട തൊഴിൽ നികുതി എത്രയെന്ന് വ്യക്തമല്ല |
| 2 | രവിശങ്കർ എസ്, ആയുർവേദ കുക്ക് | “ | രേഖപ്പെടുത്തിയിട്ടില്ല | 450 | |

അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്തതിനാൽ ഈടാക്കേണ്ട തൊഴിൽ നികുതി എത്രയെന്ന് പരിശോധിക്കാൻ സാധിച്ചില്ല. തൊഴിൽ നികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള നിരക്കിൽ തന്നെയാണ് ഈടാക്കിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.48/01.02.2024)

**1-13 വ്യാപാരസ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല**

തൊഴിൽ നികുതി രജിസ്റ്റർ, വ്യാപാര ലൈസൻസ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള വ്യാപാരസ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം ഉടമ – സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 1/90/2 | അലി കെ എം – വെള്ളറ ഫുഡ് പ്രോഡക്ട്സ് | I, II |
| 2 | 2/113 | കുഞ്ഞുമുഹമ്മദ് – എ കെ ഓയിൽ മിൽ | II |
| 3 | 3/544 | അഷറഫ് – ആർ വി സലൂൺ | I, II |
| 4 | 3/244 | വിപിൻ പി ഡി – കാളിക്കളം കുടിവെള്ളം | I, II |
| 5 | 3/461/2 | വനജകുമാർ – മാളൂസ് സ്റ്റോഴ്സ് | I, II |
| 6 | 3/461/3 | ഹരിതഭായി പി – മാളൂസ് പ്രോഡക്ട്സ് | I, II |
| 7 | 3/554/2 | മനോജ് – ഫാമിലി മിനി സൂപ്പർമാർക്കറ്റ് | I, II |

| | | | |
|---|---|---|---|
| 8 | 3/10 | വിശ്വംഭരൻ – പള്ളിക്കര ഇലക്ട്രിക്കൽസ് | I, II |
| 9 | 3/556 | സിറാജുദ്ദീൻ – ചങ്ക് ബ്രോ കൂൾബാർ | I, II |
| 10 | 4/193,194 | ശിവദാസൻ – ശിവൻ സ്റ്റോർസ് | I, II |
| 11 | 4/605/3,4,5 | ലീന സന്തോഷ് – അക്ഷരം ഡ്രൈവിംഗ് സ്കൂൾ | I, II |
| 12 | 4/427 | സൗമ്യ – ഫ്ലവേഴ്സ് ടൈലറിംഗ് | II |
| 13 | 4/66 | അനിത ജോർജ് – റോയൽ ഇൻഡസ്ട്രീസ് | I, II |
| 14 | 4/137/6 | ഷീന സുബ്രൻ ക്ലീനിങ് സർവീസസ് സെന്റർ | II |
| 15 | 30/534 | അബ്ദുൽ അസീസ്, എ വി സ്റ്റോഴ്സ് | I, II |
| 16 | 32/1 | പി എൽ റപ്പായി – മുത്തു കുടകൾ വാടകയ്ക്ക് | II |
| 17 | 32/197 | സീമ അനിൽ – അമ്മാസ് ട്രേഡേഴ്സ് | II |
| 18 | 32/239 | ഡേവിഡ് – ഓട്ടോ വർക്ക്ഷോപ്പ് | II |
| 19 | 32/330 | ജയശ്രീ – ഔഷധി ഏജൻസി | II |
| 20 | 32/214 | ബേഫിൽ എം ബി – ഡിസി ട്രേഡേഴ്സ് | I, II |
| 21 | 33/122 | എം എസ് ഷനോജ് – എം എസ് ട്രേഡേഴ്സ് | I, II |
| 22 | 33/159/1 | ഷീലാ ലോറൻസ് – ഓയിൽ മിൽ | I, II |
| 23 | 33/289/1 | ബിനോയ് – പെർഫെക്ട് അലൂമിനിയം | II |
| 24 | 33/441 | അശോകൻ – അശ്വതി സ്റ്റോർസ് | II |
| 25 | 33/355 | സണ്ണി കെ ജെ – ന്യൂ സ്റ്റോർസ് | II |
| 26 | 34/503/5 | പോളി കെ പി – സ്ക്വയർ ഹോംസ് | II |
| 27 | 34/109/7 | അബ്ദുൾ ഗഫൂർ – ഫാം ഫ്രഷ് ചിക്കൻ | I, II |
| 28 | 34/73 | സുനീഷ് – വെൽഡിങ് വർക്ക്ഷോപ്പ് | I, II |

| | | | |
|---|---|---|---|
| 29 | 35/486/6 | ബിന്ദു രവീന്ദ്രൻ – ദാസ് മെഡിക്കൽസ് | I, II |
| 30 | 37/11 | എൻ എം കൊച്ചപ്പൻ – ന്യൂ സ്റ്റാർ ഇലക്ട്രിക്കൽസ് | II |
| 31 | 37/267 | വി എൽ ഡേവി – വിൻസൺ പ്രിന്റേഴ്സ് | II |
| 32 | 37/491 | ഷംസു ഷിനാജ് – വുഡ് വർക്ക്സ് | II |
| 33 | 38/220 | എ എസ് സദാനന്ദൻ – ഐശ്വര്യ ടെക്സ്റ്റൈൽസ് | I, II |
| 34 | 38/301/1 | മഹീഷ് – അലൂമിനിയം ഫാബ്രിക്കേഷൻസ് | I, II |
| 35 | 38/521 | സി എൻ ഗംഗാധരൻ – ശ്രീനന്ദനം സ്റ്റോർസ് | I, II |
| 36 | 38/672 | കളത്തിൽ ഫിനാൻസിയേഴ്സ് | II |
| 37 | 38/301/3 | പരമേശ്വരൻ – പച്ചക്കറിക്കട | I, II |
| 38 | 39/368 | സി പി ജോസഫ് – സെൻറ് മേരിസ് എൻജിനീയറിങ് | II |
| 39 | 39/529 | വർഗീസ് നീലങ്കാവിൽ – എൻ കെ വി സ്റ്റോർസ് | II |
| 40 | 39/177/1 | ഷിജിത്ത് – പച്ചക്കറി പലചരക്ക് | I, II |
| 41 | 39/177/14 | റഷീദ് – എം എൻ ചിപ്സ് ഹട്ട് | I, II |
| 42 | 40/225 | പ്രിൻസൺ സി എഫ് – പിനാക്കിൾ ഡി ടി പി സെന്റർ | II |
| 43 | 40/288 | ജോബി പുലിക്കോട്ടിൽ – അപ്പോൾസ്റ്ററി വർക്ക്സ് | II |
| 44 | 40/355 | ചന്ദ്രിക – ദേവ സ്റ്റോർസ് | I, II |
| 45 | 41/236 | എം എൽ ഫ്രാൻസിസ് – മറോക്കി സ്റ്റോർസ് | I, II |
| 46 | 41/481 | രമ ഗിരീശൻ – കോയിർ കോം ഹോം | I, II |
| 47 | 41/156/1,2 | അനിൽകുമാർ – ലക്ഷ്മി സ്റ്റോഴ്സ് | II |
| 48 | 42/316/1 | മോഹനൻ – ശ്രീകൃഷ്ണ കമ്പ്യൂട്ടർ | I, II |
| 49 | 42/316/2 | നിർമ്മല പണിക്കർ | I, II |

| | | | |
|---|---|---|---|
| 50 | 42/422 | സുരേഷ് – നിഷ സൗണ്ട് & ഇലക്ട്രിക്കൽസ് | I, II |
| 51 | 43/173 | അന്നാസ് ജോസ് – സ്റ്റാർ ഫ്ലോർ മിൽ | I, II |
| 52 | 43/183 | സി എൻ കുമാരൻ – കിരൺ സ്റ്റോർസ് | I, II |
| 53 | 43/302 | സി എൽ ജോസ് – ഹർഷ സ്റ്റോഴ്സ് | I, II |
| 54 | 43/315 | റെന്നി വിൻസെന്റ് – സെന്റ് ജോസഫ് ഫുഡ്സ് | I, II |
| 55 | 43/324 | മോഹനൻ – ചായക്കട | I, II |
| 56 | 43/166/2 | ഡിജോ ജേക്കബ് – കൊപ്ര, നാളികേരം | I, II |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.45/01.02.2024)

## 1-14 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

മുനിസിപ്പൽ എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ എഗ്രിമെന്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവയുടെ പരിശോധന പ്രകാരം 2022-23 വർഷം മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. സി പി വിനോദ്കുമാർ
2. കെ പി സുധീർകുമാർ
3. കെ പി രഘുനാഥ്
4. ബിജു ജോസ്
5. പ്രവീൺ വർഗീസ്
6. കെ വി പ്രസന്നൻ
7. കെ ആർ സുരേഷ്
8. കെ സി ബിജു
9. സി പി സുഭാഷ്കുമാർ
10. കെ ആർ സുരേഷ്
11. സന്തോഷ് ജാക്ക്
12. എ പി വിനോദ്

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.10/29.01.2024)

## 1-15 വിനോദ നികുതി-ഇ ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

1) വാർഷിക കണക്ക് പ്രകാരം വിനോദ നികുതിയിനത്തിൽ 13,14,240/- രൂപയാണ് ഡിമാന്റ് & കളക്ഷൻ ആയി

രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പാസ് തിയേറ്റർ, ജയശ്രീ തിയേറ്റർ, ദേവകി സിനിമാസ് സ്റ്റുഡിയോ-I, ദേവകി സിനിമാസ് സ്റ്റുഡിയോ-II എന്നിവയാണ് നഗരസഭയിലുള്ള തിയേറ്ററുകൾ.

ഫയലുകൾ ഹാജരാക്കിയെങ്കിലും രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

2) 04.01.2020 തീയതിയിലെ സ.ഉ.(സാധാ) നം. 101/2020/ത.സ്വ.ഭ.വ പ്രകാരം തീയറ്ററുകളിൽ ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സർക്കാരിന്റെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിലൂടെ വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ) ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭയുടെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ അറിയിക്കുവാൻ അവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

നിലവിൽ തീയറ്ററിൽ നിന്നും ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിനോദനികുതി ഈടാക്കിയിട്ടുള്ളത്. ടി റിപ്പോർട്ടിൽ തന്നെ പലതിലും ടിക്കറ്റ് നിരക്ക് രേഖപ്പെടുത്തിയിട്ടുമില്ല. തിയറ്റർ ലഭ്യമാക്കുന്ന റിട്ടേണുകളുടെ ആധികാരികത പരിശോധിക്കാൻ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. അതിനാൽ വിനോദനികുതി പിരിവിന്റെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റിൽ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.26/31.01.2024)

## 1-16 മൊബൈൽ ടവർ കുടിശ്ശിക ഈടാക്കേണ്ടതാണ്

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗുരുവായൂർ മുനിസിപ്പാലിറ്റി പരിധിയിൽ 28 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ ചുവടെ പറയുന്ന ടവറുകളുടെ ഉടമസ്ഥർ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | അടിസ്ഥാന വസ്തു നികുതി | 31.03.2023 വരെയുള്ള കുടിശ്ശിക | നഗരസഭ ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | 3/525 | ആൽഫ്രഡ് സി.ടി,റോസിലി | 3675 | 26201 | - |
| 2. | 3/528/1 | മാനേജർ, ഇൻഡസ് ടവർ ലിമിറ്റഡ് | 5600 | 39032 | - |
| 3. | 10/6 | വയർലെസ്സ് ടി.ടി ഇൻഫോ സർവീസസ് ലിമിറ്റഡ് | 10428 | 87101 | - |
| 4. | 10/17 | ഭാരതി ഇൻഫ്രാ ടെലി ലിമിറ്റഡ് ടെലി കമ്മ്യൂണിക്കേഷൻ | 10949 | 91294 | - |

| | | | | | |
|---|---|---|---|---|---|
| | | ടവർ | | | |
| 5. | 13/964/2 | വയർലെസ്സ് ടി.ടി ഇൻഫോ സർവീസസ് ലിമിറ്റഡ് | 9565 | 103467 | നികുതി കുടിശ്ശിക ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. മറ്റു നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6. | 23/52/1 | ATC ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 14136 | 65028 | നികുതി കുടിശ്ശിക ഒടുക്കുന്നതിന് അന്തിമ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. കുടിശ്ശിക ഒടുക്കാത്ത പക്ഷം R R നടപടി സ്വീകരിക്കുന്നതാണ്. |
| 7. | 25/697/ | എം.കെ നാരായണൻ, എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 43445 | 348691 | നികുതി കുടിശ്ശിക ഒടുക്കുന്നതിന് അന്തിമ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. കുടിശ്ശിക ഒടുക്കാത്ത പക്ഷം R R നടപടി സ്വീകരിക്കുന്നതാണ്. |
| 8. | 37/19/7 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 4500 | 10350 | - |
| 9. | 37/560/ | റിലയൻസ് ഇൻഫോ ടെയിൽ ലിമിറ്റഡ് | 17100 | 136064 | - |
| ആകെ | | | | 907228 | - |

മേൽ പട്ടികയിലെ മൊബൈൽ ടെലഫോൺ ടവറുകളുടെ ഉടമസ്ഥർ വസ്തുനികുതിയിൽ ഭീമമായ കുടിശ്ശിക വരുത്തി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഉടമസ്ഥരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.17/30.01.2024)

## 1-17 കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം വരുമാനനഷ്ടം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

നഗരസഭയിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും, 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ കൊടുത്തിരിക്കുന്ന, 100 ച.മീ-ൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

A)

| | |
|---|---|
| വാർഡ് നമ്പർ | 22 |
| കെട്ടിട നമ്പർ | 451/ 2 |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | പുഷ്പാംഗദൻ എം ഡി, മനയിൽ ഹൗസ്, ചക്കംകണ്ടം പി ഒ |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2016 ആദ്യ അർദ്ധ വാർഷികം |

| തറ വിസ്തീർണം: 196.88 ച.മീ | | |
|---|---|---|
| ഇനം | ഈടാക്കുന്ന നികുതി (സഞ്ചയ പ്രകാരം) | ബാധകമാക്കേണ്ട നികുതി / ഈടാക്കേണ്ട അടിസ്ഥാന നികുതി |
| അടിസ്ഥാന നികുതി നിരക്ക് | 60 രൂപ | 80 രൂപ |
| അടിസ്ഥാന നികുതി | 196.88 * 60 = 11812.8 രൂപ | 196.88 * 80 = 15750.4 |
| ആകെ ഇളവ് | 20% (2362.56 രൂപ ) | 20 % (3150.08 രൂപ) |
| ആകെ വർദ്ധനവ് | 0 | 0 |

| | | |
|---|---|---|
| വസ്തു നികുതി | 9451 രൂപ | 12601 രൂപ |
| സ.ഉ നമ്പർ 77/2023 ത.സ്വ.ഭ.വ തീ:7.4.2023 പ്രകാരം 5 % വർദ്ധനവ് വരുത്തിയതിനു ശേഷമുള്ള വസ്തു നികുതി | 9924 രൂപ | 13232 രൂപ |
| സർവീസ് സെസ്സ് (10 %) | 993 രൂപ | 1324 രൂപ |
| ലൈബ്രറി സെസ്സ് (5 %) | 497 രൂപ | 662 രൂപ |
| ആകെ വാർഷിക നികുതി | 11414 രൂപ | 15218 രൂപ |
| **വാർഷിക നികുതി നഷ്ടം** | **3804 രൂപ** | |

B)

| | |
|---|---|
| വാർഡ് നമ്പർ | 34 |
| കെട്ടിട നമ്പർ | 381 |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | നന്ദകുമാർ, പുതുശ്ശേരി ഹൗസ്, കോട്ടപ്പടി, കോട്ടപ്പടി, 680505 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2018 ആദ്യ അർദ്ധ വാർഷികം |

| തറ വിസ്തീർണം: 173.52 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: ദ്വിതീയം | | |
|---|---|---|
| ഇനം | ഈടാക്കുന്ന നികുതി (സഞ്ചയ പ്രകാരം) | ബാധകമാക്കേണ്ട നികുതി ഈടാക്കേണ്ട അടിസ്ഥാന നികുതി |
| അടിസ്ഥാന നികുതി നിരക്ക് | 60 രൂപ | 80 രൂപ |
| അടിസ്ഥാന നികുതി | 173.52 * 60 = 10411.2 രൂപ | 173.52 * 80 = 13881.6 |
| ആകെ ഇളവ് | 20% | 20% |

| | | |
|---|---|---|
| | (2082.24 രൂപ ) | (2776.32 രൂപ) |
| ആകെ വർദ്ധനവ് | 0 | 0 |
| വസ്തു നികുതി | 8329 രൂപ | 11106 രൂപ |
| സ.ഉ നമ്പർ 77/2023 ത.സ്വ.ഭ.വ തീ:7.4.2023 പ്രകാരം 5 % വർദ്ധനവ് വരുത്തിയതിനു ശേഷമുള്ള വസ്തു നികുതി | 8746 രൂപ | 11662 രൂപ |
| സർവീസ് സെസ്സ് (10 %) | 875 രൂപ | 1167 രൂപ |
| ലൈബ്രറി സെസ്സ് (5 %) | 438 രൂപ | 584 രൂപ |
| ആകെ വാർഷിക നികുതി | 10059 രൂപ | 13413 രൂപ |
| **വാർഷിക നികുതി നഷ്ടം** | **3354 രൂപ** | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/31.01.2024) മേൽ കെട്ടിടങ്ങൾ നഗരസഭാ രേഖകൾപ്രകാരം വ്യാവസായിക കെട്ടിടങ്ങളായി ഉപയോഗിക്കുന്നവയാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച നഗരസഭ കൗൺസിൽ തീരുമാനം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. വ്യാവസായിക കെട്ടിടങ്ങളാണെങ്കിൽ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്.

നികുതി തെറ്റായി നിർണ്ണയിച്ചതാണെങ്കിൽ പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഗരസഭ കൗൺസിൽ തീരുമാനം ലഭ്യമാക്കേണ്ടതും സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തേണ്ടതുമാണ്.

**1-18 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വസ്തുനികുതി ഡിമാന്റിൽ പ്രതിഫലിക്കുന്നില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233 മുതൽ 244 വരെയുള്ള വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ ബാധകമായ 15% വർധനവ് നികുതിയിൽ വരുന്നില്ല. അതിനാൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 24/426 1 To 22 | പി.കെ ചെറിയാൻ, പുലിക്കോട്ടിൽ ഹൗസ്, | 1559 |

| | | |
|---|---|---|
| | തൈക്കാട്, 680104 | |

നഗരസഭയിൽ 250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധാരണ തറ അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധന ചുമത്തി നികുതി നിർണയിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.41/31.01.2024)

**1-19 പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതാണ്**

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗുരുവായൂർ നഗരസഭയിൽ മേൽ ചട്ടപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/31.01.2024) മറുപടി ലഭ്യമാക്കിയില്ല.

മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**1-20 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് -സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കാതെ പ്രവർത്തിക്കുന്നു**

1) താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് (IFTE&OS) ഫീസ് അടവാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപന ഉടമ - സ്ഥാപനം |
|---|---|---|
| തൈക്കാട് സോൺ | | |
| 1 | 7/11 | പി ചന്ദ്രിക -ഫോട്ടോ ഫ്രെയിമിംഗ് ലാമിനേഷൻ |
| 2 | 7/154 | സന്ദീപ് സി എസ് - മൊബൈൽ ആക്സസറീസ് |
| 3 | 8/302 | ഫാത്തിമ പിലാക്കവീട്ടിൽ - ടൈലറിംഗ് ഷോപ്പ് |
| 4 | 11/269 | പ്രഭാകരൻ കെ വി - ടൈലറിംഗ് |
| 5 | 11/336(2) | അരുൺരാജ് - പെയിന്റ് ശേഖരണം, വിൽപ്പന |
| 6 | 21/ (A1)310 | മുസ്തഫ പി.എക്സ് - ഗ്രോസറി ഷോപ്പ് |

| | | |
|---|---|---|
| 7 | 24/330 | സജീഷ് കെഎസ് – കാർ വർക്ക്ഷോപ്പ് |
| മെയിൻ ഓഫീസ് | | |
| 8 | 5/462 | സന്തോഷ് കുമാർ – ഫോട്ടോസ്റ്റാറ്റ് ആൻഡ് സ്റ്റേഷനറി |
| 9 | 5/464 | സൈമൺ സി കെ – സെയിൽ ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് |
| 10 | 5/475 | മുഹമ്മദ് ഇല്യാസ് – സ്റ്റോക്ക് ആൻഡ് സെയിൽ ഓഫ് ഗാർമെന്റ്സ് |
| 11 | 5/489,490 | നസീർ പി കെ - മൊബൈൽ ഷോപ്പ് |
| 12 | 5/532 | റെജിൻ പി തോമസ്-DTP അഡ്വടൈസിംഗ് & പ്രിന്റിംഗ് |
| 13 | 5/666(10) | സനൽ കെ എസ് - ചിക്കൻ സ്റ്റാൾ |
| 14 | 5/666(11) | ഇസ്മായിൽ പി എ – ചിക്കൻ സെന്റർ വാവ |
| 15 | 5/666(13) | ഇസ്മായിൽ പി എ – ഫിഷ് സെന്റർ |
| 16 | 5/666(16) | റിയാസ് ആർ വി – ഫിഷ് സ്റ്റാൾ |
| 17 | 5/666(17) | ഹനീഫ പി എ – ബിഫ് സെന്റർ |
| 18 | 5/666(18) | അസീസ് എം എം – ബിഫ് സ്റ്റാൾ |
| 19 | 19/78 | അംജത് ഖാൻ പി.കെ. – ടെക്സ്റ്റൈൽസ് & റെഡിമെയ്ഡ്സ് |
| 20 | 19/447 | മുഹമ്മദ് ഇല്യാസ് – Q-Life ഗാർമെന്റ്സ് ഷോപ്പ് |
| 21 | 6/5 | വർഗീസ് ജോസ് – എൻജിനീയറിങ് വർക്ക്ഷോപ്പ് |
| 22 | 6/28 | രാജീവ് വി വി – പൂജ ഐറ്റംസ് |
| 23 | 6/30 | അബ്ദുൾ നാസർ – ഹെയർ കട്ടിംഗ് സലൂൺ |
| 24 | 6/409 | എം കെ സുധീർ – ഫ്ലോർ മിൽ |
| 25 | 13/1014 | എൻ എസ് സുരേഷ് – ഡിജിറ്റൽ ക്ലോത്ത് പ്രിന്റിംഗ് |
| 26 | 22/43 | ഗോപിനാഥൻ ടി എ – ശ്രീഅനന്തൻ റെസിഡൻസി ലോഡ്ജ് |

| | | |
|---|---|---|
| 27 | 22/72/1 | ബെന്നി സി ജെ – ശാലോം ഇൻ ഫർണിച്ചർ |
| 28 | 22/115 | ലിന്റോ തോമസ് -A/C, വാഷിംഗ് മെഷീൻ |
| 29 | 23/77 | ദിലീപ് പി എച്ച് – കാറ്ററിങ് & ഇവന്റ് മാനേജ്മെന്റ് |
| 30 | 23/83 | വിൻസെന്റ് കെ എൽ – തോട്ടപ്പള്ളി ടയർസ് ആൻഡ് ബാറ്ററി |
| 31 | 23/137 | മുഹമ്മദാലി – നിലോ ഓട്ടോ സർവീസ് സ്റ്റേഷൻ |
| 32 | 23/142,143 | അസീം ബീരാവ് – കെ കെ ബി വെജിറ്റബിൾസ് |
| 33 | 23/357(3) | സിക്കന്ദർ ബാഷ ആൻഡ് ഷാജിത – അനീഷ് സ്റ്റൈലറിംഗ് |
| 34 | 23/596, 597 | ഹംസ വി എം – വലിയകത്ത് സ്റ്റോർസ് |
| 35 | 23/720 | രാജു വി വി – അമ്പാടി ഫുഡ്സ് |
| 36 | 16/379(1) | ശ്രീകുമാർ എസ് മേനോൻ |
| 37 | 16/418 | ലത സുനിൽകുമാർ – സെയിൽ ഗ്രാൻഡർ |
| 38 | 16/420 | വിഷ്ണു പി – ഡി റ്റി ഡി സി കൊറിയർ എക്സ്പ്രസ് |
| 39 | 17/85(5) | ഷമീം അലി സി എം – റെഡിമേഡ് ബബിൾസ് |
| 40 | 17/370 | വസന്തകുമാരൻപിള്ളൈ – ലോഡ്ജ് കൃഷ്ണ ഗാർഡൻസ് |
| 41 | 17/371 | വസന്തകുമാരൻപിള്ളൈ – ലോഡ്ജ് കൃഷ്ണ ഗാർഡൻസ് |
| 42 | 17/372 | ഗോവിന്ദൻ രാമദേവൻ – ലോഡ്ജ് കൃഷ്ണ ഗാർഡൻസ് |
| 43 | 17/380 | മനോജ്കുമാർ പ്രിയം– ലോഡ്ജ് കൃഷ്ണ ഗാർഡൻസ് |
| 44 | 17/390 | പ്രസന്ന കൃഷ്ണകുമാർ – ലോഡ്ജ് |

| | | |
|---|---|---|
| 45 | 17/398, 399 | അരവിന്ദാക്ഷ മേനോൻ – ലോഡ്ജ് |
| 46 | 17/403 | ഹരിലാൽ കുഞ്ഞിരാമൻ പിള്ളൈ – ലോഡ്ജ് |
| 47 | 17/410 | ഗീതാ ഹരികൃഷ്ണൻ – ലോഡ്ജ് |
| 48 | 17/411 | രേഷ്മ ഹരികൃഷ്ണൻ – ലോഡ്ജ് |
| 49 | 17/412 | സുശീൽ നായർ – ലോഡ്ജ് |
| 50 | 17/472 | കാമ്പിൽ മേച്ചേരി സുഷമ – ലോഡ്ജ് |
| 51 | 17/474 | ജയപ്രകാശ് നാരായണമേനോൻ – ലോഡ്ജ് |
| 52 | 17/475 | ജയപ്രകാശ് നാരായണമേനോൻ – ലോഡ്ജ് |
| 53 | 17/478 | സുബ്രഹ്മണ്യൻ വി വി – ലോഡ്ജ് |
| 54 | 17/480 | രാജേഷ് കുമാർ – ലോഡ്ജ് |
| 55 | 17/482 | സന്ദീപ് ജനാർദ്ദനൻ അച്ചൻ – ലോഡ്ജ് |
| 56 | 17/483 | സന്ദീപ് ജനാർദ്ദനൻ അച്ചൻ – ലോഡ്ജ് |
| 57 | 17/484 | കോളാരി കാർത്തികേയൻ – ലോഡ്ജ് |
| 58 | 17/489 | രശ്മി രാജൻ മേനോൻ – ലോഡ്ജ് |
| 59 | 17/490 | രാജശ്രീ രാജൻ – ലോഡ്ജ് |
| 60 | 17/493 | എം വിജയചന്ദ്രൻ – ലോഡ്ജ് |
| 61 | 17/499 | ശ്രീലത വിജയകുമാർ – ലോഡ്ജ് |
| 62 | 17/500 | നന്ദകുമാർ മേനോൻ – ലോഡ്ജ് |
| 63 | 17/507, 508 | ഗിരീഷ് വൈകുണ്ഠപുര – ലോഡ്ജ് |
| 64 | 31/120 | എം വി ജോൺസൺ – ടൈലറിംഗ് ഷോപ്പ്- സ്റ്റാർ |
| 65 | 31/372,373 | ആനി ജോസ് – സ്റ്റുഡിയോ |
| 66 | 26/426/2/1 | ജിനീഷ് എം കെ – ടീ ഷോപ്പ് |
| 67 | 26/426/11 | ജിനീഷ് എം.കെ – കാർ ആക്സസറീസ് ഫിറ്റിംഗ് |
| 68 | 26/426/14 | മുഹമ്മദാലി – ബ്യൂട്ടി പാർലർ |
| 69 | 26/465 | ബാബു എ വി – കൃഷ്ണമയം വുഡ് |

| | | |
|---|---|---|
| | | ഇൻഡസ്ട്രീസ് |
| 70 | 25/124/8,9,10 | ദിവ്യ രതീഷ് – ആർച്ചാസ് കിഡ്സ് ഗ്യാലറി |
| 71 | 25/124/16,20 | രതീഷ് എൻ – ആർച്ച സിൽക്ക്സ് |
| 72 | 25/130 | നികേഷ് കെ പി – അക്വാ കെയർ സൊല്യൂഷൻസ് |
| 73 | 25/130/A | ജിതിൻ പി സി – ഡൽഹിവെരി കൊറിയർ സർവീസസ് |
| 74 | 14/17(1) | ഷിയാബാദ് – സിനർഗോസ് എന്റർപ്രൈസസ് |
| 75 | 15/424A | അബ്ദുൽ ഫസൽ സി കെ – റെഡിമെയ്ഡ് ഗബാന മെൻസ് വെയർ |
| 76 | 18/76 | വാസുദേവൻ നമ്പൂതിരി – രോഹിണി ടൂറിസ്റ്റ് ഹോം |
| 77 | 18/294 | രാമകൃഷ്ണൻ വി കെ – സിറ്റി സലൂൺ |
| 78 | 18/337 | പി ദിവാകരൻ – ഫാർമസി |
| 79 | 18/418 | ലളിത രാജൻ – ശ്രീരാമകൃഷ്ണ ലോഡ്ജ് |
| 80 | 18/440,441 | ഹരിഹര കൃഷ്ണ ജി കെ – രശ്മിണി റീജൻസി |
| 81 | 18/501 | ഷിജിൻ ടി വി – കൃഷ്ണ മൊബൈൽ |
| 82 | 18/529 | വിശ്വംഭരൻ – ശ്രീകൃഷ്ണ ഫാൻസി |
| 83 | 18/549 | ടി ടി പവനൻ, പവിത്രൻ – കൃഷ്ണേന്ദു സ്വീറ്റ്സ് |
| 84 | 18/565 | ഹരിഹരകൃഷ്ണൻ – ലോഡ്ജ് ആൻഡ് കല്യാണമണ്ഡപം |
| 85 | 18/595 | അനിൽകുമാർ ജി – ആർട്ട് ഗാലറി |
| 86 | 18/598 | രാമൻ നമ്പൂതിരി – അനുഗ്രഹ ഫാൻസി |
| 87 | 18/599 | എ ബാലകൃഷ്ണൻ – രാജാ സ്റ്റോർ |
| 88 | 18/621 | കൃഷ്ണദാസ് – ഫാൻസി ബ്രാസ് ഐറ്റംസ് |
| 89 | 18/667 | കെ വി രവീന്ദ്രൻ – ഗിഫ്റ്റ്ലാൻഡ് റെഡിമെയ്ഡ്സ് |
| 90 | 18/774 | മുഹമ്മദലി – ഒമേഗ റെഡിമെയ്ഡ്സ് |

| | | |
|---|---|---|
| 91 | 18/828 | സതീഷ് കുമാർ കെ പി – ദേവിക ടീസ്റ്റോൾ |
| 92 | 18/843 | ചന്ദ്രൻ എം ആർ – സിവിക് ഫോട്ടോഗ്രഫി |
| 93 | 18/TS9 | ആനന്ദ് – നിശാന്ത് ബുക്ക്സ്റ്റാൾ |
| 94 | 18/883 | രാജഗോപാലൻ – ഗുരുവായൂർ ഫാസ്റ്റ് ഫുഡ് |
| 95 | 18/890 | ഫൈസൽ പി വി സ്പോർട്സ് ഗുഡ്സ് |
| 96 | 18/910 | ദാസൻ കെ പി – ശരവണ സ്വീറ്റ്സ് |
| 97 | 18/957 | ബാലകൃഷ്ണൻ വി ആർ – ഇലക്ട്രിക്കൽസ് ഇലക്ട്രോണിക്സ് ഐ ടി ബസ് |
| 98 | 18/1078 | കെ കെ ജയരാജൻ – സ്നേഹ സ്റ്റോർസ് |
| 99 | 18/1176 | പി കെ കമലാക്ഷിയമ്മ – കൃഷ്ണ ഫാൻസി |
| 100 | 18/1203 | രാമൻകുട്ടി നായർ – സന്തോഷ് സ്റ്റോർ |
| 101 | 18/1258(6) | കെ കേശവരാമൻ – അവന്തി ഇൻ |
| 102 | 18/1313 | കെ വി ഇസ്മയിൽ – റെഡ് മാർട്ട് |
| 103 | 18/1372 | പ്രകാശൻ കെ – സിറ്റിമാൻ ടൈലറിംഗ് |
| 104 | 18/1419 | വസന്ത – ശബരി സ്റ്റോർസ് |
| 105 | 18/1447 | കൃഷ്ണപ്രസാദ് എൻ – സ്മരണ ഫാൻസി |
| പൂക്കോട് സോൺ | | |
| 106 | 1/7/15,16 | ആമിനക്കുട്ടി, മുഹമ്മദ് നിഹാൻ – ജീനിയസ് മാനിഫോൾഡ് സൊല്യൂഷൻസ് ഓൺലൈൻ ട്രെയിനിങ് |
| 107 | 3/252 | ലെനിൻ എം എസ് സ്റ്റേഷനറി ഡയനാമിക് എന്റർപ്രൈസസ് |
| 108 | 3/461(2) | വനജകുമാർ ഇ എൻ – സ്റ്റേഷനറി |
| 109 | 3/556 | സിറാജുദ്ദീൻ എ – കൂൾ ഡ്രിങ്ക്സ് |
| 110 | 33/436(1) | ഐശ്വര്യ പി ബി – ട്യൂണ ബേക്കേഴ്സ് |
| 111 | 36/96 | മാത്യു പി ജെ – ട്രഡീഷണൽ ഡ്രൈയിംഗ് കൊപ്ര |

| | | |
|---|---|---|
| 112 | 37/505 | ജോയ് ടി ജി – ടി ജെ റെന്റൽ സർവീസ് |
| 113 | 37/506 | സന്തോഷ് ടി ജി – കൃഷ്ണ ടൈം ഹൗസ് |
| 114 | 38/54 | പ്രേംരാജ് – ടീ സ്റ്റാൾ |
| 115 | 39/502 | ജോസഫ് ടി എൽ – ഗ്യാസ് ഏജൻസി |
| 116 | 42/185(A) | പത്മകുമാർ സി – മേക്കിങ് പപ്പടം |
| 117 | 43/255(A) | ഗ്ലാഡിസ് ആൻഡ്രൂസ് – ഓയിൽ മിൽ |
| 118 | 4/50(7) | പത്മനാഭൻ എം കെ ട്രാവൽ ഏജൻസി |
| 119 | 4/182 | മഹേഷ് എം എൻ ഗ്രാഫിക് ഡിസൈനിങ് സ്റ്റുഡിയോ |
| 120 | 4/239 | ഷനോജ് പി ബി – റെഡിമെയ്ഡ് |
| 121 | 32/214 | ബഹീൽ മുഹമ്മദ് – ഗ്ലാസ് ട്രോഫി പ്രൊഡക്ഷൻ & സെയിൽ |
| 122 | 32/223 | സബ്ജൻ കുഞ്ഞൻ – സ്പെയർപാർട്സ് |
| 123 | 32/333 | ഷൈലജ – ഡിടിപി, ഫോട്ടോസ്റ്റാറ്റ് |
| 124 | 32/438(3) | ഫ്രിന്റോ ഫ്രാൻസിസ് – ട്രാവൽ ഏജൻസി |
| 125 | 32/312 | റഫീന – സെനെ കളക്ഷൻസ് |
| 126 | 1/454 | മുഹമ്മദ് കെ. എം – സ്റ്റേഷനറി അൽഫല |
| 127 | 1/474 | ഹമീദ് മുഹമ്മദ് – ടീ ഷോപ്പ് |
| 128 | 40/30 | ജയൻ ടിവി – സ്റ്റേഷനറി |

2) താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ പാരാമെഡിക്കൽ ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ട്. എന്നാൽ വ്യാപാര ലൈസൻസ് ഫീസ് അടവാക്കിയതായി ലൈസൻസ് രജിസ്റ്ററിൽ കാണുന്നില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പാരാമെഡിക്കൽ സ്ഥാപനം |
|---|---|---|
| 1 | 5/512 | ഡോ. വി ആർ ബാൽമി വെട്ടത്ത് – നിവാരൺ ആയുർവേദ ഹെൽത്ത് കെയർ |
| 2 | 5/722 | ബാവ്യ ബഷീർ രായംമരയ്ക്കാർ |

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.11/30.01.2024)

### 1-21 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം (3) പ്രകാരം ഒരു നഗരസഭയുടെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് അടവാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പാരാമെഡിക്കൽ സ്ഥാപനം |
|---|---|---|
| 1 | 5/583 | സീന ഷാജി -ഒപ്റ്റിക്കൽ & ഐ ക്ലിനിക് |
| 2 | 13/513 | സിൻസി കെ ആർ – മെഡ്‌ലൈൻ ക്ലിനിക്കൽ ലബോറട്ടറി |
| 3 | 31/378 | ഡോ. ശ്രീരാഗ് രാംനാഥ് – ഡെന്റൽ ക്ലിനിക് |
| 4 | 26/400 | നസീർ ആർ വി – ലൈഫ് കെയർ ലാബ് |
| 5 | 27/228 | ഡോ. സുധീർകുമാർ – അമൃത ആയുർവേദ മെഡിക്കൽ സെന്റർ |
| 6 | 27/626/5 | ഡോ. പ്രദീപ് പ്രഭാകരൻ – പ്രദീപ്സ് ഡെന്റൽ ക്ലിനിക് |
| 7 | 27/658 | ഷഹീൻ ഖാലിദ് -ക്ലിനിക് |
| 8 | 27/675/1 | മന കൃഷ്ണാനന്ദ് – തൈറോകെയർ ലബോറട്ടറീസ് |
| 9 | 25/213/16 | കിഷൻ അപ്പുക്കുട്ടൻ – സുധർമ്മ മെട്രോപ്പോളിസ് ലാബ് |
| 10 | 18/1306 | തുളസിദാസ് വി – സഞ്ജീവനി ഹെൽത്ത് കെയർ സെന്റർ ലാബ് |
| തൈക്കാട് സോൺ | | |
| 11 | 11/291(1) | ഡോ. ഹരിദാസ് കെ & ഡോ. ലക്ഷ്മി സി – അഹസ്സ് ആയുർവേദ ഹോസ്പിറ്റൽ |
| പൂക്കോട് സോൺ | | |
| 12 | 1/134,135 | വിവേക് ശിവദാസ് – I ഡെന്റ് ഡെന്റൽ |
| 13 | 1/153(3) | പ്രജീഷ് – മെഡിക്കൽ ലബോറട്ടറി |
| 14 | 1/168(1) | ഡോ. വരുൺ വിനായക് – സുധർമ്മ മെട്രോപോളിസ് ലാബ് |
| 15 | 40/545 | ഡോ.ദീപ്തി സുനിൽ – ഹോമിയോ ക്ലിനിക് |

| | | |
|---|---|---|
| 16 | 42/2(3), 2(4) | സനദ് – എവറസ്റ്റ് ആയുർവേദ ക്ലിനിക് |
| 17 | 32/342,343 | സ്മിത ടി ജെ – ഒറിഗൺ മെഡിക്കൽ ലബോറട്ടറി |
| 18 | 32/340(6,7,8,9,10) | അലൻ സി എഫ് – ഡെന്റൽ ക്ലിനിക് |
| 19 | 35/3(5,6,11,12) | തായ്യബ – ഡെന്റൽ ഹോസ്പിറ്റൽ |
| 20 | 36/262 | ജോസഫ് മാത്യു – 4 കെയർ ഡയഗ്നോസ്റ്റിക്സ് |
| 21 | 3/521K | ഡോ.മേഴ്സി മാത്യു – ഡെന്റ |

പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.13/30.01.2024)

**1-22 വാടക – അപാകങ്ങൾ**

1. താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ 2022-23 വർഷത്തിൽ കെട്ടിടമുറികളുടെ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ഷോപ്പ് നം. | ലൈസൻസിയുടെ പേര് | അടവാക്കാൻ ബാക്കിയുള്ള വാടക | നഗരസഭ ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| ബസ് സ്റ്റാൻഡ് ബിൽഡിംഗ് | | | |
| 14 | നിമിത ഇ എസ് | 92388 | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി RR നടപടികൾ സ്വീകരിച്ചു വരുന്നതാണ്. |
| അമ്പാടി ടൂറിസ്റ്റ് ഹോം | | | |
| 7 | സുഭാഷ് കുമാർ സി പി | 9714 | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നോട്ടീസുകൾ നല്കിയിട്ടുള്ളതാണ്. അടവാക്കാത്ത പക്ഷം കടമുറി പൂട്ടിയെടുക്കുന്നതും RR നടപടി സ്വീകരിക്കുന്നതുമാണ്. |
| കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് | | | |
| 11 | വിനോദ്കുമാർ സി പി | 1446 | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | നോട്ടീസുകൾ നല്കിയിട്ടുള്ളതാണ്. അടവാക്കാത്ത പക്ഷം കടമുറി പൂട്ടിയെടുക്കുന്നതും RR നടപടി സ്വീകരിക്കുന്നതുമാണ്. |
| FF3 | മുഹമ്മദ് അഷറഫ് പി വി | 160836 | കടമുറി പൂട്ടിയെടുത്തിട്ടുള്ളതും ലേലനടപടികൾ സ്വീകരിച്ചിട്ടുള്ളതും RR നടപടി സ്വീകരിച്ച് വരുന്നതുമാണ്. |
| FF5 | എക്സൈസ് റെയ്ഞ്ച് ഓഫീസ് | 194316 | കുടിശ്ശിക അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതും പ്രിൻസിപ്പൽ സെക്രട്ടരി(തസ്വഭവ) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവർക്ക് കത്ത് അയച്ചിട്ടുള്ളതും നടപടി സ്വീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. RR നടപടി സ്വീകരിച്ച് വരുന്നു. |
| SF5 | സെക്രട്ടറി, CPI ഗുരുവായൂർ | 65880 | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നോട്ടീസുകൾ നല്കിയിട്ടുള്ളതാണ്. അടവാക്കാത്ത പക്ഷം |

| | | | |
|---|---|---|---|
| | | | കടമുറി പൂട്ടിയെടുക്കുന്നതും RR നടപടി സ്വീകരിക്കുന്നതുമാണ്. |
| SF7 | വിനോദ്കുമാർ സി പി | 33192 | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നോട്ടീസുകൾ നല്കിയിട്ടുള്ളതാണ്. അടവാക്കാത്ത പക്ഷം കടമുറി പൂട്ടിയെടുക്കുന്നതും RR നടപടി സ്വീകരിക്കുന്നതുമാണ്. |

വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. താഴെ കൊടുത്തിരിക്കുന്ന കടമുറികൾ 2022-23 വർഷത്തിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു.

A) കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് SF3

B) തൈക്കാട് സോണിലെ കടമുറി – XI/327

കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് SF3 – ലേലം, പുനർലേലം എന്നിവ നടത്തിയെങ്കിലും ആരും തന്നെ ഏറ്റെടുക്കാത്തതിനാൽ ഓഫർ ക്ഷണിക്കുന്നതിനുള്ള അനുമതിക്കായി കൗൺസിലിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും കൗൺസിൽ അനുമതി ലഭ്യമാക്കുന്ന പക്ഷം ഓഫർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലേലം/പുനർലേലം എന്നിവ നടത്തിയിട്ടും മേൽ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതിന്റെ കാരണം കൗൺസിൽ പരിശോധിക്കേണ്ടതും കടമുറികൾ ആവശ്യമെങ്കിൽ പരിഷ്കരിക്കേണ്ടതും ലേലനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.2/25.01.2024)

**1-23 ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്**

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്. നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

2. ടൗൺഹാൾ – ബൈലോ

ഗുരുവായൂർ നഗരസഭ ഇന്ദിരാഗാന്ധി ടൗൺഹാൾ, ഡൈനിംഗ് ഹാൾ, തൈക്കാട് രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ച് (23.10.2018 ലെ തീരുമാനം നമ്പർ 6) സർക്കാരിന്റെ

അംഗീകാരം ലഭ്യമാക്കുന്നതിനായി 01.10.2020ന് നഗരകാര്യ ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അംഗീകാരം ലഭ്യമാകാത്ത സ്ഥിതിക്ക് ഒരിക്കൽ കൂടി അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്.

പൂക്കോട് സാംസ്കാരികനിലയം, ഇ.കെ നായനാർ കോൺഫറൻസ് ഹാൾ എന്നിവയുടെയും ക്ഷേത്രപ്രവേശന സത്യാഗ്രഹസ്മാരക ഓപ്പൺ സ്റ്റേജ് ബുക്കിംഗിന്റെയും ബൈലോകൾക്കും അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

3. ക്രിമറ്റോറിയം -ബൈലോ

ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ശ്മശാന നടത്തിപ്പ് അംഗീകരിക്കപ്പെട്ട ബൈലോയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ബൈലോകൾ തയ്യാറാക്കേണ്ടതും അംഗീകാരം ലഭ്യമാക്കി ആധികാരികരേഖയായി സൂക്ഷിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.3/25.01.2024)

## 1-24 റെഗുലറൈസേഷൻ ഫീ പെർമിറ്റ് ഫീസിനോട് ചേർത്ത് വാർഷിക കണക്ക് തയ്യാറാക്കുന്നു

ബിൽഡിംഗ് റെഗുലറൈസേഷൻ ഫീസ് ഇനത്തിൽ ഈടാക്കുന്ന തുക ബിൽഡിംഗ് പെർമിറ്റ് തുക അടവാക്കുന്ന ഹെഡിൽ ചേർത്താണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ 2022-23 വർഷത്തിൽ എത്ര കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ഫീ ഈടാക്കി, റെഗുലറൈസേഷൻ ഫീസായി എത്ര രൂപയാണ് ലഭിച്ചു എന്നീ വിവരങ്ങൾ ലഭ്യമല്ല.

റെഗുലറൈസേഷൻ ഫീ ബിൽഡിംഗ് പെർമിറ്റിനോട് ചേർത്ത് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നത് കൊണ്ട് കൃത്യമായി റെഗുലറൈസേഷൻ ഫീസ് തുക കണക്കാക്കാനാകുന്നില്ല. ശരിയായ ഹെഡ്ഡുകളിൽ വരവുകൾ രേഖപ്പെടുത്തിയാൽ മാത്രമേ നഗരസഭയെ സംബന്ധിക്കുന്ന വസ്തുതകൾ പ്രതിഫലിക്കുന്ന ശരിയായ കണക്ക് ലഭിക്കുകയുള്ളൂ .

Fees For Construction Of Buildings - Head Code - 140120100

Other Fees For Grant Of Permit -Head Code - 140129900

എന്നീ ഹെഡ്ഡുകളിലാണ് ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നിവ അടവാക്കുന്നത്.

Building Regularisation Fee യുടെ Head Code - 140150100 ആണെന്നിരിക്കെ കൃത്യമായ രീതിയിൽ റെഗുലറൈസേഷൻ ഫീ അടവാക്കിയത് വേർതിരിച്ച് രേഖപ്പെടുത്താത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/30.01.2024) മറുപടി ലഭ്യമാക്കിയില്ല.

ഭാവിയിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നിവ വ്യത്യസ്ത ഹെഡ്ഡുകളിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കെട്ടിടനിർമ്മാണ പെർമിറ്റ് - അപാകങ്ങൾ

1) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2020, 24.09.2020 പ്രാബല്യത്തിൽ ഭേദഗതി ചെയ്തിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റിന്റെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട (അപ്പൻഡിക്സ് L) സാക്ഷ്യപത്രം ലഭ്യമാക്കിയതായി ഫയലിലില്ല. 300$m^2$ ന് മുകളിലും 1000$m^2$ താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട് / എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരം ഉറപ്പാക്കിയതായി കാണുന്നില്ല.

1. BA /075/2022-23 -E2-11888/15.07.2022 - ഹരിദാസൻ സി പി-462.53$m^2$ വിസ്തീർണ്ണം

2. BA /085/2022-23/19.08.2022 – E2/12698/2.8.2022-രമേഷ് ബാബു & സിംബു -324.85$m^2$ വിസ്തീർണ്ണം

3.BA /102/2022-23/25.10.2022 – E2-14987/16.09.2022-ഹർഷൻ അമൽ-547.36$m^2$ വിസ്തീർണ്ണം

4. BA /175/2022-23/23.03.2023 – E2-1535/28.01.2023 – ധർമ്മരാജൻ– 457.26$m^2$ വിസ്തീർണ്ണം

2) 1000$m^2$-ൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ഫയർ & റസ്ക്യൂ സർവീസസ് ഡയറക്ടറുടെയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സമ്മതപത്രം ആവശ്യമാണ്. ഗുരുവായൂർ വില്ലേജ് സർവ്വേ നമ്പർ 85/7A യിൽപ്പെട്ട 506$m^2$ സ്ഥലത്ത് പ്രസന്ന മുരളീധരൻ, രാധിക മുരളീധരൻ & മുരളീധരൻ എന്നിവർ പണി കഴിപ്പിച്ചിട്ടുള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന്റെ (BA/136/22-23) വിസ്തൃതി 1411.08 $M^2$ ആണ്. അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ച അപ്പൻഡിക്സ് L ഫയലിൽ ഉണ്ട്. എന്നാൽ ടി സാക്ഷ്യപത്രം 1000$m^2$-ൽ താഴെയുള്ള കെട്ടിടങ്ങൾക്കാണ് ബാധകം ആയിട്ടുള്ളത്. ഫയർ & റസ്ക്യൂ സർവീസസ് ഡയറക്ടറുടെയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്.

3) BA/138/22-23

ചാവക്കാട് വില്ലേജ് സർവേ നം./റീ സർവേ നമ്പർ 10/3-1, 10/2-1, 8.34 ആർ സ്ഥലത്ത് കെ. രമേശ്, കൃഷ്ണ പ്രോപ്പർട്ടി ഡെവലപ്പേഴ്സ്, വികസനപെർമിറ്റ് എടുക്കുകയും സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ് പണിയുന്നതിനുള്ള ബിൽഡിംഗ് പെർമിറ്റ് എടുക്കുകയും ചെയ്തിട്ടുണ്ട്.

Total Quantity Of Earth Cutting = 1032.12 $M^2$

Quantity Of Earth To Be Removed From Plot = 950 $M^2$

ഭൂവികസനത്തിന് ഫീസ് അടവാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് ജിഒ (പി)നം 38/2023/LSGD പ്രകാരം 3000 Sqft പ്ലിന്ത് ഏരിയ വരെയുള്ള കെട്ടിടങ്ങൾക്ക് തസ്വഭവ സെക്രട്ടറിയും 3000 Sqft ന മുകളിൽ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങൾക്ക് ഡിസ്ട്രിക്ട് ജിയോളജിസ്റ്റ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ഓഫ് മൈനിങ് ആൻഡ് ജിയോളജി ആണ് മൂവ്മെന്റ് പെർമിറ്റ് ആൻഡ് ട്രാൻസിറ്റ് പാസ് നൽകേണ്ടത്. പ്രസ്തുത നിർമ്മാണത്തിന്റെ ബിൽഡ് അപ്പ് ഏരിയ 2387.91$m^2$ ആണ്. അതിനാൽ ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും എൻഒസി ആവശ്യമാണ്. എന്നാൽ അപ്രകാരം അനുമതി ലഭ്യമാക്കിയതായി ഫയലിൽ ഇല്ല.

ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും എൻഒസി ലഭ്യമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.14/30.01.2024)

**1-26 അനധികൃത കെട്ടിടനിർമ്മാണം – തുടർനടപടികൾ അറിയിക്കേണ്ടതാണ്**

ഗുരുവായൂർ കിഴക്കേനടയിൽ മുനിസിപ്പാലിറ്റി ഓഫീസിന് കിഴക്ക് ഭാഗത്തായി തൃശ്ശൂർ റോഡിന്റെ വടക്ക് ഭാഗത്ത് "ശ്രീജ ഇൻ" എന്ന കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് E2/11063/23 നമ്പർ ഫയലിൽ നിന്നും വ്യക്തമാകുന്നു.

അനധികൃത നിർമ്മാണത്തിന് എതിരെ ശ്രീ സന്തോഷ് എം വി നഗരസഭയിൽ പരാതി നൽകിയിട്ടുള്ളതാണ്. "ശ്രീജ ഇൻ" എന്ന കെട്ടിടത്തിന് മൂന്നു നിലകളാണ് പ്ലാൻ പ്രകാരമുള്ളതെന്നും എന്നാൽ മൂന്നാം നിലയുടെ മുകളിലായി ഇഷ്ടിക വെച്ച് കെട്ടി ഉയർത്തി മുകളിൽ ഷീറ്റ് മേഞ്ഞ് നാലാമതൊരു നിലകൂടി ഉപയോഗയോഗ്യമായി നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്തു വരുന്നുണ്ടെന്നും അനധികൃത നിർമ്മാണം മനസ്സിലാകാതിരിക്കാനായി പുറകുഭാഗം മറച്ചിട്ടുണ്ടെന്നും ടിയാൾ പരാതിയിൽ

രേഖപ്പെടുത്തിയിട്ടുണ്ട്.

ഗുരുവായൂർ നഗരസഭയിൽ നൽകിയ ബിൽഡിംഗ് പെർമിറ്റ് (നം 358/04-05/ തീയതി 01.03.2005) പ്രകാരം ഉള്ള പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള ടി കെട്ടിടത്തിന്റെ പടിഞ്ഞാറ് വശത്തായാണ് സെപ്റ്റിക് ടാങ്ക് പണിയാൻ അനുവദിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന് പിന്നീട് എന്തെങ്കിലും മാറ്റമോ കൂട്ടിച്ചേർക്കലുകളോ നടത്തുന്നതിന് യാതൊരു അപേക്ഷകളും സമർപ്പിക്കപ്പെട്ടിട്ടില്ലെന്നും നിയമവിരുദ്ധമായും അനധികൃതമായും മുനിസിപ്പൽ ബിൽഡിംഗ് റൂൾസിന് എതിരായി കെട്ടിടത്തിന്റെ മുന്നിലുള്ള ഗുരുവായൂർ-തൃശ്ശൂർ റോഡിനും ടി കെട്ടിടത്തിനും ഇടയിലായി ദൂരപരിധി പാലിക്കാതെ ഒരു സെപ്റ്റിക് ടാങ്ക് പണിതിട്ടുണ്ടെന്നും എന്നാൽ അപ്രകാരം സെപ്റ്റിക് ടാങ്ക് പണിയുന്നതിന് മുൻസിപ്പാലിറ്റിയിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടില്ലെന്നും ടിയാൻ പരാതിപ്പെട്ടിട്ടുണ്ട്.

പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ ബിൽഡിങ് ഇൻസ്പെക്ടർ ടി കെട്ടിടം പരിശോധിച്ചു. 18.08.2023 ലെ പരിശോധന റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ ഫ്രണ്ട് ഓപ്പൺ സ്പേസിൽ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുകയും കെട്ടിടത്തിന്റെ റൂഫ് ടോപ്പിൽ ട്രസ്സ് റൂഫിങ്ങും ടൈൽ ഫ്ലോറിങ്ങും നടത്തി ഉപയോഗിക്കുന്നതിന് ഉതകും വിധം സജ്ജീകരിച്ചിട്ടുള്ളതായും കണ്ടെത്തി. ടി പ്രവൃത്തിയുടെ വിശദാംശങ്ങൾ അറിയുന്നതിന് കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ നഗരസഭയിൽ രേഖാമൂലം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കെട്ടിട ഉടമകളായ ശ്രീ കെ വി ഷിനോദ് കുട്ടമ്പറമ്പത്ത്, ശ്രീ കെ എസ് അനിലൻ കുട്ടമ്പറമ്പത്ത്, ശ്രീ ബോബി കരുതാരൻവീട്ടിൽ, ശ്രീ ജയപ്രകാശ് എ കെ അവുക്കേറ്റി എന്നിവർക്ക് 21.08.2023, 09.10.2023 എന്നീ തീയതികളിൽ നഗരസഭ സെക്രട്ടറി അറിയിപ്പ് നൽകിയിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.46/01.02.2024)

**1-27 ലേലം-ഫയലുകൾ ലഭ്യമാക്കിയില്ല**

2022-23 ലെ വാർഷിക കണക്കിലെ ആർ.പി – 5 പ്രകാരം താഴെ കൊടുത്തിരിക്കുംപ്രകാരം വരവുണ്ട്.

1. Sale Of Manure – 2780585/-

2. Sale Of Other Products – 278419/-

3. Sale Of Scrap – 367184/-

4. Receipts From Auction Of Obsolete Assets -188036/-

ആയതുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ, ലേലം ഡയറി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.47/01.02.2024) മറുപടിയോ ഫയലോ ലഭ്യമാക്കിയില്ല. അതിനാൽ മേൽ സൂചിപ്പിച്ച വരവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ആവശ്യമായ രേഖകൾ, രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-28 മണ്ണ് ലേലം – മുഴുവൻ തുകയും ലഭ്യമായില്ല**

1.9.2022 ന് നഗരസഭയിൽ നടത്തിയ 2 മണ്ണ് ലേലങ്ങളിൽ മുഴുവൻ തുകയും ലഭ്യമായിട്ടില്ല.

ലേലം 1) അമൃത് പദ്ധതി പ്രകാരവും മറ്റ് പദ്ധതികൾ പ്രകാരവും ബസ് സ്റ്റാൻഡിലെയും ടൗൺ ഹാളിന്റെയും പരിസരത്ത് ശേഖരിച്ച 1230 $M^3$ മണ്ണ്, ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുകയും നഗരസഭ 28.09.2022 തീയതിയിലെ തീരുമാനം നം.26 പ്രകാരം ലേലം ഉറപ്പിച്ചു നല്കുകയും ചെയ്തിട്ടുള്ള ഇബ്രാഹിം പി കെ, പോക്കാക്കില്ലത്ത് ഹൗസ്, കൈപ്പമംഗലം എന്ന വ്യക്തി,

ലേലത്തുകയായ 4,75,000/-രൂപയുടെ മൂന്നിലൊന്ന് തുകയായ 158500/- (വൗച്ചർ നം.122010107814/തീയതി 01.09.2022) തുക അടവാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി തുക അടവാക്കിയതായി ഫയലിലും ലഡ്ജറിലും ഇല്ല.

ലേലം 2) 12-ാം വാർഡിൽ റോഡരികിൽ ശേഖരിച്ചിട്ടുള്ള 226 $M^3$ മണ്ണ് ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുകയും നഗരസഭ 28.09.2022 തീയതിയിലെ തീരുമാനം നം.26 പ്രകാരം ലേലം ഉറപ്പിച്ച് നല്കുകയും ചെയ്തിട്ടുള്ള ഷജീൽ ടി എം, തോട്ടപ്പുറത്ത് ഹൗസ്, പാലയൂർ എന്ന വ്യക്തി ലേലത്തുകയായ 85,000/-രൂപയുടെ മൂന്നിൽ എന്ന് തുകയായ 28500/- (വൗച്ചർ നം. 122010107815/തീയതി 01.09.2022) തുക അടവാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി തുക അടവാക്കിയതായി ഫയലിലും ലഡ്ജറിലും ഇല്ല.

ബാക്കി തുക അടവാക്കുന്നതിനായി 4.11.2022 ന് നഗരസഭ E.5-18522/21 നമ്പറായി കത്ത് നല്കിയിട്ടുണ്ട്.

തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 സാമൂഹ്യ സുരക്ഷ പെൻഷൻ-അപാകങ്ങൾ

1. നഗരസഭ ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ ഏപ്രിൽ 2022 മുതൽ ജൂൺ 2022 വരെയുള്ള വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക പ്രതിമാസം | ആകെ | |
| 1 | വിനായകൻ | 101990204289 | വാർദ്ധക്യ കാല പെൻഷൻ | 23.03.2022 | 160/2022 14.04.2022 | സസ്പെൻഡ് | 04/2022-03/2023 | 1600 | 19200 | 19200 |

ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജൂലൈ 2022 മുതലുള്ള മരണ റിപ്പോർട്ട് ബൈൻഡ് ചെയ്യുവാൻ കൊടുത്തിരുന്നതിനാൽ ലഭ്യമാക്കിയില്ല. അതിനാൽ തുടർന്നുള്ള മാസങ്ങളിലെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല.

2. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 04.03.2021 തീയതിയിലെ PAN/2566/2020-DBT1(DP) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഗുരുവായൂർ നഗരസഭയിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പെൻഷൻ ഐ ഡി | പേര് | പെൻഷൻ വിതരണം ആരംഭിച്ച |
|---|---|---|---|

| | | | തീയതി |
|---|---|---|---|
| 1 | 101990201736 | RADHA T | 01/11/2014 |
| 2 | 101990202109 | CICILY | 01/01/2015 |
| 3 | 101990202835 | SARADA V K | 01/07/2015 |
| 4 | 101990203861 | NARENDRAVARMARAJA A.R | 01/06/2016 |
| 5 | 101990204599 | PUSHPA PRABHAKARAN | 01/12/2016 |
| 6 | 101990204691 | OUSEPPUNNI P.I | 01/01/2017 |
| 7 | 101990600504 | MARY V | 01/04/2012 |
| 8 | 107140400008 | Valli T K | 01/12/2008 |
| 9 | 107140600383 | Pauly Joseph | 01/04/2010 |

മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കുവാനും ഓരോരുത്തരും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുകയുടെ വിവരവും പ്രസ്തുത തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി, സ്ഥിരതാമസമാക്കിയിരുന്ന പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗുരുവായൂർ നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. ഗുരുവായൂർ നഗരസഭയിൽ അനർഹമായി നൽകിയ പെൻഷൻ തുക 19200/- രൂപ എത്രയും വേഗം തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് തിരിച്ച് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നഗരസഭയിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.44/01.02.2024)

**1-30 ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ മൂന്ന് മൃഗാശുപത്രികളിലേക്ക് മരുന്നു വാങ്ങൽ -വിതരണം ചെയ്ത സ്ഥാപനത്തിന് നാളിതുവരെയും തുക കൈമാറിയിട്ടില്ല**

പൂക്കോട് വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് നം.13/23-ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ മൂന്ന് മൃഗാശുപത്രികളിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം Kerala State Civil Supplies Corporation Limited ,Supplyco Medical Store Mathilakam ,Outlet No.0803301 എന്ന സ്ഥാപനത്തിൽ നിന്നും വൗച്ചർ നം. 22201887/23.01.2023 പ്രകാരം 12,00,000/-രൂപക്ക് മരുന്ന് വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ രശീതി/യു.ടി.ആർ ഇല്ല.ഫയൽ പ്രകാരം ബിൽ തുകയിലെ സംഖ്യയായ 12,00,000/-ബെനിഫിഷ്യറി അക്കൗണ്ടിലേക്ക് വരാത്തത് സംബന്ധിച്ച് പൂക്കോട് വെറ്റിനറി സർജൻ സമർപ്പിച്ച കത്തിന് മറുപടിയായി പൂക്കോട് വെറ്റിനറി സർജ്ജൻ സമർപ്പിച്ച BRN NO.22130647004701079548, ഹെഡ് ഓഫ് അക്കൗണ്ട് 3604-00-200-82-02NV തുക 12,00,000/- ബെനിഫിഷ്യറി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് വരാതിരുന്നതുകൊണ്ട് EPOC ക്ലിയറൻസ് മുഖേന 24.07.2023ന് BRN NO.23130677001200352329 ബിൽ പ്രകാരം 3604-00-911-99 NV ശീർഷകത്തിലേക്ക് വരവ് വെച്ചിട്ടുണ്ടെന്ന് 06.10.2023ലെ ബി2-173/2023 നമ്പർ കത്ത് പ്രകാരം ചാവക്കാട് സബ് ട്രഷറി ഓഫീസർ വെറ്റിനറി സർജനെ അറിയിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് 17.01.24 ന് പൂക്കോട് വെറ്റിനറി സർജ്ജൻ നഗരസഭ സെക്രട്ടറിക്ക് എക്സ്പൻഡിച്ചർ കാൻസൽ ചെയ്യുന്നതിനും സ്പിൽ ഓവർ പ്രൊജക്റ്റ് റിവിഷൻ അനുവാദത്തിനുമുള്ള അപേക്ഷയും പ്രസ്തുത തുകയുടെ ഇപ്പോഴത്തെ സ്റ്റാറ്റസ് സാക്ഷ്യപ്പെടുത്തി (എ.സി.ആർ, ട്രഷറി നോൺ റോഡ്, BAMS അലോട്ട്മെന്റ് എന്നിവയിൽ വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ) ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

സാങ്കേതിക കാരണങ്ങളാൽ 1200000/- രൂപ ഗുണഭോക്താവിന് കൈമാറുന്നതിന് സാധിച്ചിട്ടില്ല എന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ട്രഷറി ഓഫീസറുടെ കത്ത് പ്രകാരം മേൽ തുക സർക്കാർ അക്കൗണ്ടിലേക്ക് തിരികെ പോയിട്ടുള്ളതാണ്. ടി തുക നഗരസഭയ്ക്ക് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി വിഷയത്തിൽ കൗൺസിലിന്റെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം.21/30.01.2024)

**1-31 പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി - ധന സഹായത്തിന്റെ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയുടെ ഡി.പി.ആർ. രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1,2,3 ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 1 മുതൽ 4വരെ ഡി.പി.ആർ.കളിലെ ഗുണഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നം | ഡിപിആർ ക്രമ നമ്പർ | ഡിവിഷൻ നം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനത്ത ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|---|
| 1 | ബൾക്കീസ്, കറുംപ്പംവീട്ടിൽ | 1 | 132 | 5 | 150000 | 22.11.18 |
| 2 | ലീല, അത്തിരിങ്കൽ | 1 | 134 | 22 | 360000 | 31.12.20 |
| 3 | സരസ്വതി പൊന്നരാശ്ശേരി | 1 | 165 | 14 | 150000 | 15.02.19 |
| 4 | കമലാവതി, പയ്യപ്പാട്ട് പാലുവായ് | 1 | 182 | 9 | 150000 | 13.09.18 |

| | | | | | | |
|---|---|---|---|---|---|---|
| 5 | സൗദ കൊങ്ങണംവീട്ടിൽ | 1 | 194 | 5 | 150000 | 13.09.18 |
| 6 | കമല പൊലിയേടത്ത് | 1 | 195 | 43 | 30000 | 18.05.18 |
| 7 | ലീല ചക്കാരത്ത്, കാവീട് | 1 | 229 | 42 | 360000 | 03.06.20 |
| 8 | റിൻസി ചീരൻ | 1 | 230 | 35 | 360000 | 23.11.19 |
| 9 | സുബിൻ പറത്തിൽ | 1 | 233 | 3 | 360000 | 06.11.19 |
| 10 | ശാന്തകുമാരി മണത്തല | 1 | 236 | 40 | 30000 | 05.10.18 |
| 11 | പ്രഭാവതി കുഴപ്പയിൽ | 1 | 237 | 32 | 360000 | 10.10.19 |
| 12 | നസീമ, പുതുവീട്ടിൽ | 1 | 239 | 10 | 360000 | 30.01.20 |
| 13 | ശങ്കരി, നീലയൂർ | 1 | 250 | 26 | 30000 | 30.01.20 |
| 14 | ലീല, ചന്ദ്രുരുത്തിൽ | 1 | 251 | 40 | 360000 | 03.06.20 |
| 15 | ഹസീന പെരുമ്പടപ്പിൽ | 1 | 276 | 40 | 360000 | 25.03.21 |
| 16 | സുനിത കാവീട്ടിൽ | 1 | 277 | 4 | 360000 | 30.01.20 |
| 17 | സജിനി ഇരുപ്പശ്ശേരി | 1 | 277 | 42 | 350000 | 27.12.22 |
| 18 | പ്രജീഷ കോവിൽ | 1 | 281 | 30 | 40000 | 05.12.19 |
| 19 | പത്മിനി പെരുമ്പിള്ളിശ്ശേരി | 2 | 30 | 4 | 270000 | 13.09.18 |
| 20 | അനില കൊട്ടരപ്പാട്ട് | 2 | 51 | 2 | 270000 | 20.03.23 |
| 21 | ഹസീന കല്ലിങ്ങൽ ചക്കംകണ്ടം | 2 | 63 | 11 | 360000 | 06.01.21 |
| 22 | ബേബി വടശ്ശേരി | 2 | 66 | 9 | 30000 | 26.06.18 |
| 23 | മണി വട്ടേക്കാട് തമ്പുരാൻപടി | 2 | 71 | 42 | 150000 | 18.12.18 |
| 24 | ഹരിത പല്ലാറ | 2 | 83 | 34 | 280000 | 19.02.22 |
| 25 | സുനിത പല്ലാറ2 | 2 | 84 | 34 | 360000 | 18.09.21 |
| 26 | കമലം വെട്ടിയാറ | 2 | 87 | 21 | 350000 | 23.07.20 |
| 27 | സുമി തൊമ്മിൽ | 2 | 88 | 5 | 200000 | 23.07.20 |
| 28 | സുഗിത ചെറളത്ത് | 2 | 93 | 3 | 360000 | 10.01.20 |
| 29 | നസിറ നവക്കോട് | 2 | 96 | 11 | 30000 | 26.03.19 |
| 30 | മീനാക്ഷി കൊരണത്ത് | 3 | 39 | 19 | 30000 | 14.06.18 |
| 31 | ബേബി താഴിശ്ശേരി | 3 | 40 | 9 | 30000 | 02.07.20 |
| 32 | വാസു പുന്ന കാരക്കാട് | 3 | 43 | 22 | 360000 | 13.12.22 |
| 33 | രുഗ്മിണി ചക്കണ്ടെ | 3 | 52 | 9 | 360000 | 26.06.18 |
| 34 | രാധ പൂവ്വത്ത് മുതുവട്ടൂർ | 3 | 57 | 22 | 200000 | 05.10.18 |
| 35 | ലില്ലി തലക്കോട്ടൂർ (പുലിക്കോട്ടിൽ) | 3 | 64 | 31 | 200000 | 28.06.19 |
| 36 | ഉഷ കോറോത്ത് | 3 | 90 | 6 | 190000 | 24.12.18 |
| 37 | അമ്മിണി വെട്ടിശ്ശേരി കുറുവായപ്പറമ്പിൽ, കാവീട് | 3 | 97 | 43 | 30000 | 13.09.18 |

| | | | | | | |
|---|---|---|---|---|---|---|
| 38 | ലത കുണ്ട് വാഴപ്പള്ളി പേരകം | 3 | 99 | 40 | 350000 | 22.11.18 |
| 39 | ശാരദ മാത്രംക്കോട്ട് | 3 | 102 | 32 | 360000 | 06.01.21 |
| 40 | അയ്യപ്പൻ കളത്തിൽപറമ്പിൽ | 3 | 109 | 40 | 360000 | 03.06.20 |
| 41 | ലീല പുലിയേടത്ത് | 3 | 113 | 43 | 360000 | 16.06.20 |
| 42 | സതി തറയിൽ | 3 | 114 | 43 | 190000 | 10.08.20 |
| 43 | ആമിനക്കുട്ടി ഐെയ്നിതറയിൽ | 3 | 123 | 2 | 360000 | 13.03.20 |
| 44 | പുഷ്പ കാനംക്കോട്ട് | 3 | 138 | 4 | 40000 | 18.05.19 |
| 45 | രാധാകൃഷ്ണൻ കരുമത്തിൽ | 3 | 139 | 9 | 360000 | 23.09.21 |
| 46 | രമ അനിരുദ്ധൻ പോഴംകണ്ടത്ത് | 4 | 5 | 34 | 360000 | 21.12.19 |
| 47 | ശശി.കെ.എസ്. കോറോത്ത് | 4 | 36 | 7 | 40000 | 18.05.19 |
| 48 | ദിനിഷ സുധീഷ് പാറത്തിൽ | 4 | 59 | 3 | 360000 | 2.07.20 |
| 49 | പത്മാക്ഷൻ കെ.ബി. കറുത്തേടത്ത് | 4 | 66 | 11 | 360000 | 20.07.19 |
| 50 | സുജിത്ത് പുതുശ്ശേരി തറയിൽ | 4 | 110 | 4 | 360000 | 2.11.20 |
| 51 | ലീല വേലയുധൻ പല്ലാറ | 4 | 112 | 11 | 360000 | 04.06.20 |
| 52 | ഐഷ മേക്കാണ്ടാണത്ത് | 4 | 119 | 43 | 360000 | 02.07.20 |
| 53 | സുജിത രൺദീർ മാക്കാലിക്കൽ | 4 | 122 | 3 | 200000 | 17.02.20 |
| 54 | കുട്ടൻ കൊഴക്കി | 4 | 123 | 3 | 40000 | 18.05.19 |
| 55 | കല കാത്തോളി | 4 | 129 | 4 | 360000 | 15.09.20 |
| 56 | പുഷ്പ പുത്തിയിൽ | 4 | 133 | 43 | 360000 | 02.07.20 |
| 57 | സുധ മോഹനൻ മാടക്കാവിൽ | 4 | 144 | 21 | 360000 | 25.01.21 |
| 58 | ഗിരിജ അശോകൻ പൂക്കോട്ടിൽ | 4 | 158 | 33 | 280000 | 27.12.22 |
| 59 | ആതിര എ.എം. ആലത്തി | 4 | 159 | 10 | 360000 | 28.10.21 |
| 60 | രാജൻ ചുർക്കപറമ്പിൽ | 4 | 167 | 38 | 360000 | 02.11.20 |
| 61 | സുമ സുധാകരൻ തറമ്മൽ | 4 | 169 | 9 | 40000 | 11.06.19 |
| 62 | ഷീന ബിജു മാങ്ങാടി | 4 | 170 | 9 | 360000 | 06.01.21 |
| 63 | അശോകൻ കുന്നംപുറത്ത് | 4 | 171 | 15 | 360000 | 24.12.19 |
| 64 | മിനി അമ്പലത്തിങ്കൽ | 4 | 176 | 11 | 360000 | 16.08.21 |
| 65 | നീതു ഷൈജു ഏങ്ങടി | 4 | 183 | 10 | 200000 | 06.11.19 |

| | | | | | | |
|---|---|---|---|---|---|---|
| 66 | ശോഭന ഉണ്ണികൃഷ്ണൻ | 4 | 190 | 35 | 360000 | 24.12.19 |
| 67 | വള്ളിയമ്മ കുറവായിപറമ്പിൽ | 4 | 206 | 43 | 360000 | 10.08.20 |
| 68 | ഷീബ സജീഷ് നരിയംമ്പുള്ളി | 4 | 209 | 2 | 360000 | 10.01.20 |
| 69 | രജീഷ് കൊട്ടരപ്പാട്ട് | 4 | 212 | 1 | 360000 | 09.07.21 |
| 70 | ലീല കെ.എ. കോറോട്ട് | 4 | 214 | 28 | 360000 | 09.10.20 |
| 71 | സജിനി പള്ളാറ | 4 | 216 | 11 | 360000 | 02.11.20 |
| 72 | ഷീജ കൈപ്പട | 4 | 220 | 33 | 360000 | 13.03.20 |
| 73 | ഗ്രീഷ്മ മണികണ്ഠൻ കാവീട് | 4 | 222 | 41 | 360000 | 24.04.20 |
| 74 | സുമേഷ് പി.എ. പള്ളാറ | 4 | 223 | 10 | 360000 | 09.07.21 |
| 75 | ഭവാനി ബാലൻ വലേങ്ങര | 4 | 228 | 16 | 360000 | 09.10.20 |
| 76 | അഫ്സത്ത് ജലീൽ രായ്മരയ്ക്കാർ | 4 | 229 | 2 | 360000 | 12.06.20 |
| 77 | മണി കൊലാഴിപറമ്പിൽ | 4 | 241 | 35 | 360000 | 14.02.21 |
| 78 | മിനി ഉദയകുമാർ തൈവള്ളപ്പിൽ | 4 | 252 | 4 | 360000 | 06.01.21 |
| 79 | സുജാത ശ്രീനിവാസൻ പാന്തറയിൽ | 4 | 259 | 43 | 360000 | 02.07.20 |
| 80 | ബാലൻ അമ്പലത്തിങ്കൽ | 4 | 260 | 30 | 360000 | 22.09.21 |
| 81 | രാധ സഹസ്രനാമം കാരാത്ത്പറമ്പ് | 4 | 261 | 17 | 40000 | 17.04.21 |
| 82 | രാജി ഗോപിനായർ വിളക്കത്തല | 4 | 263 | 7 | 360000 | 03.06.20 |
| 83 | ബിജോയ് പനയ്ക്കൽ | 4 | 264 | 3 | 360000 | 03.06.20 |
| 84 | ശാന്തിനി രാജൻ തരീക്കര | 4 | 265 | 10 | 360000 | 17.04.21 |
| 85 | പ്രജിത അഭിലാഷ് നല്ലേപ്പുള്ളിപറമ്പ് | 4 | 266 | 3 | 360000 | 27.02.21 |
| 86 | ചന്ദ്രിക ഉപ്പത്ത് | 4 | 272 | 7 | 360000 | 17.04.21 |
| 87 | അജില ബാബു നല്ലോർപ്പുള്ളി | 4 | 283 | 3 | 360000 | 17.04.21 |
| 88 | എൽബി ഷിജു പെരിങ്ങാട്ട് | 4 | 286 | 2 | 40000 | 08.07.19 |
| 89 | ലത സുബ്രമണ്യൻ കൊഴക്കിയിൽ | 4 | 287 | 34 | 360000 | 25.03.22 |
| 90 | ഷീജ തൈക്കാട്ടിൽ | 4 | 297 | 41 | 360000 | 02.11.20 |
| 91 | രുഗ്മിണി മാമരക്കാട്ട് | 4 | 301 | 9 | 200000 | 13.03.20 |
| 92 | ഹസീന അബ്ദു | 4 | 307 | 30 | 360000 | 13.03.20 |

| | | | | | | |
|---|---|---|---|---|---|---|
| | പുതുവീട്ടിൽ | | | | | |
| 93 | നസീമ നാസർ വലിയകത്ത് | 4 | 315 | 10 | 200000 | 09.07.21 |
| 94 | ഹരിത മുക്കിടി | 4 | 317 | 30 | 360000 | 23.09.21 |
| 95 | പ്രസീത മുരളീധരൻ പെരിങ്ങാടൻ | 4 | 318 | 39 | 360000 | 03.06.20 |
| 96 | വത്സല കന്തസ്വാമി ചക്കംകണ്ടം | 4 | 321 | 11 | 360000 | 04.01.22 |
| 97 | സന്തോഷ് പി.കെ. പൂക്കോട്ടിൽ | 4 | 322 | 33 | 360000 | 13.03.20 |
| 98 | പ്രസന്ന എം.എസ്. കോലംപുറത്ത് | 4 | 325 | 11 | 40000 | 25.08.20 |
| 99 | രാധ ചിറ്റംപുറത്ത് | 4 | 326 | 11 | 40000 | 26.09.19 |
| 100 | ഷബീബ പുതുവീട്ടിൽ | 4 | 328 | 11 | 360000 | 25.01.21 |
| 101 | ഉമ്മുകുൽസു പുതുവീട്ടിൽ | 4 | 330 | 11 | 40000 | 04.09.19 |
| 102 | അമ്മിണി അപ്പുട്ടി കുനംപുറത്ത് | 4 | 337 | 33 | 360000 | 28.10.21 |
| 103 | ഷീബ കെ.വി. മല്ലിശ്ശേരി പറമ്പ് | 4 | 338 | 14 | 200000 | 27.02.21 |
| 104 | പ്രീത. സി.ബി. | 4 | 340 | 29 | 280000 | 27.12.22 |
| 105 | ഉഷ ഇരുപ്പശ്ശേരി | 4 | 342 | 42 | 280000 | 27.12.22 |
| 106 | ദിവ്യ ബിനീഷ് തൊമ്മിൽ | 4 | 349 | 6 | 40000 | 08.07.19 |
| 107 | സിന്ധു ഉണ്ണികൃഷ്ണൻ നടുവിൽ പുരയ്ക്കൽ | 4 | 360 | 27 | 360000 | 14.09.20 |
| 108 | ദിവ്യ പ്രസാദ് ഓവാട്ട് | 4 | 361 | 40 | 360000 | 09.07.21 |
| 109 | ഷെൽബി സുരേഷ് കുർക്കപറമ്പിൽ | 4 | 364 | 2 | 360000 | 31.12.20 |
| 110 | മിനി പുന്നത്തൂർ | 4 | 371 | 30 | 40000 | 04.09.19 |
| 111 | ഇന്ദുലാൽ കുറുവായ്പറമ്പിൽ | 4 | 373 | 43 | 200000 | 13.03.20 |
| 112 | ദീപ തറയിൽ | 4 | 378 | 23 | 360000 | 16.08.20 |
| 113 | ഷിജി കക്കാട്ട് | 4 | 379 | 8 | 360000 | 25.03.21 |
| 114 | വിലാസിനി നരിയംപുള്ളി | 4 | 380 | 2 | 360000 | 01.12.20 |
| 115 | മനില തൈവള്ളപ്പിൽ | 4 | 384 | 4 | 40000 | 03.09.19 |
| 116 | കോമളം പനങ്ങാട്ട് | 4 | 386 | 31 | 360000 | 28.05.21 |
| 117 | ബാലൻ പി.കെ. പാക്കത്ത് വീട് | 4 | 395 | 42 | 40000 | 10.10.19 |
| 118 | സുബ്രമണ്യൻ പി.കെ. പാരത്തി | 4 | 396 | 6 | 360000 | 23.09.21 |
| 119 | ഗീത കാക്കഞ്ചേരി | 4 | 397 | 30 | 360000 | 12.06.20 |

| | | | | | | |
|---|---|---|---|---|---|---|
| 120 | തങ്കമോൾ ചങ്ങലംകോടത്ത് | 4 | 399 | 42 | 360000 | 31.12.20 |
| 121 | ഷീന ഉണ്ണികൃഷ്ണൻ തൈയ്യിൽ | 4 | 402 | 21 | 360000 | 28.05.21 |
| 122 | മീനാക്ഷി കാവീട്ടിൽ | 4 | 415 | 42 | 360000 | 27.12.22 |
| 123 | കമല്യ കെ.കെ. കൊഴപ്പാട്ടുവളപ്പിൽ | 4 | 418 | 10 | 360000 | 12.12.22 |
| 124 | അമ്മിണി പള്ളാറ | 4 | 420 | 10 | 360000 | 16.08.21 |
| 125 | തങ്കമണി കുണ്ട് പേരകം | 4 | 421 | 40 | 360000 | 10.08.20 |
| 126 | സുശീല പോഴംകണ്ടത്ത് | 4 | 422 | 30 | 40000 | 08.05.20 |
| 127 | മിനി ഒ.കെ. ഓവാട്ട് | 4 | 425 | 39 | 360000 | 09.07.21 |
| 128 | കുഞ്ഞിമോൾ ഇരുപ്പാശ്ശേരി | 4 | 427 | 42 | 360000 | 28.10.21 |
| 129 | ബിന്ദു ഹരിദാസ് പെരിങ്ങാട്ട് | 4 | 429 | 43 | 360000 | 25.01.21 |
| 130 | ബിനിത വേല്ലൂ വീട് തൈക്കാട് | 4 | 431 | 5 | 40000 | 08.05.20 |
| 131 | ഷൈനി തൈപറമ്പത്ത് | 4 | 434 | 4 | 280000 | 27.12.22 |
| 132 | സ്മിത കാക്കശ്ശേരി | 4 | 439 | 12 | 280000 | 27.12.22 |
| 133 | ജിനി അരീക്കര | 4 | 440 | 8 | 360000 | 04.01.22 |
| 134 | രതീഷ് ചാവക്കാട് | 4 | 382 | 20 | 360000 | 28.10.21 |
| 135 | ഭാരതി മതിലിൽ വീട് | 4 | 441 | 38 | 40000 | 04.01.22 |
| 136 | രവി കൊഴക്കി | 4 | 442 | 16 | 280000 | 27.12.22 |
| 137 | സോഫിയ അറക്കാംതുരുത്തിയിൽ | 4 | 444 | 3 | 40000 | രേഖപ്പെടുത്തിയിട്ടില്ല |
| 138 | ശ്രുതി മണികണ്ഠൻ ഏങ്ങടി | 4 | 445 | 25 | 40000 | 09.07.21 |

മേൽ പട്ടികപ്പെടുത്തിയതിൽ സുബിൻ പറത്തിൽ (ക്രമനം.9), പ്രഭാവതി കുഴപ്പിൽ (ക്രമനം.11) അനില കൊട്ടരപ്പാട്ട് (ക്രമനം.20), ഷീജ തൈക്കാട്ടിൽ (ക്രമനം.90), പ്രസീത മുരളീധരൻ (ക്രമനം.95), സിന്ധു ഉണ്ണികൃഷ്ണൻ (ക്രമനം.107), രതീഷ് ചാവക്കാട് (ക്രമനം.134) എന്നിവരുടെ ഗൃഹനിർമ്മാണം പൂർത്തീകരിച്ചതായും 4-ാംഗഡു ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജനസെൽ മറുപടി അറിയിച്ചിട്ടുള്ളതാണ്. ആനുകൂല്യത്തിന്റെ അവസാന ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കേണ്ടതാണ്.

പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജനസെൽ അറിയിച്ച മറുപടി പ്രകാരം അമ്മിണി വെട്ടിശ്ശേരി (ക്രമനം. 37) മീനാക്ഷി കൊരണത്ത് (ക്രമനം.30), രുഗ്മിണി ചക്കണ്ടേ (ക്രമനം.33) ലത കുണ്ടു വാഴപ്പുള്ളി (ക്രമനം.38)സുമി തൊമ്മിൽ (ക്രമനം.27) എൽബി ഷിജു(ക്രമനം.88) എന്നീ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ പദ്ധതിയിൽ നിന്ന് ഒഴിവായി പോകുന്നതിന് അപേക്ഷ നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം ഈ ഗുണഭോക്താക്കൾക്ക് അനുവദിച്ച നല്കിയ ആനുകൂല്യ തുക പലിശ സഹിതം തിരികെ ഈടാക്കിയതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മറുപടി പ്രകാരം പ്രോജക്ട് നടത്തിപ്പിനിടെ മരണമടഞ്ഞ ഗുണഭോക്താക്കളായ ബാലൻ അമ്പലത്തിങ്കൽ (ക്രമനം.80) രാധ സഹസ്രനാമം (ക്രമനം.81) എന്നിവരുടെ അനന്തരാവകാശികൾക്ക് ആനുകൂല്യം അനുവദിച്ച നല്കിയതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ

ഉണ്ടാക്കേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിച്ച വരുന്ന സന്നദ്ധ സംഘടനകളുടേയോ, വ്യക്തികളുടേയോ സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൂടി ആരായാവുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി വിവരങ്ങൾ പരിശോധനയ്ക്കായി നല്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.4/25.01.24)

**1-32 പി.എം.എ.വൈ. ജനറൽ ഗുണഭോക്താവിന് എസ്.സി.വികസനഫണ്ടിൽ നിന്നും തുക അനുവദിച്ചു**

ശ്രീമതി ശാന്ത എം.കെ. (ഡിപിആർ -7 ക്രമ നം.34) D/O.കുമാരൻ മുണ്ടംതറ വീട് പാലുവായ് (പി.ഓ) വിളക്കുപാടം എന്ന ഗുണഭോക്താവ് ഈഴവ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. ജനറൽ വിഭാഗത്തിന്റെ പട്ടികയിൽ ഉൾപ്പെട്ട ഈ ഗുണഭോക്താവിന് പ്രോജക്ട് നം.324/23പി.എം.എ.വൈ നഗരസഭ വിഹിതം എസ്.സി -ൽ നിന്നും വികസനഫണ്ട്- എസ്.സി.പി. വൗച്ചർ നമ്പർ: 22201896/19.01.23 ( തുക:₹4,80,000) പ്രകാരം ₹40,000/- അനുവദിച്ചു നല്കിയിട്ടുള്ളതാണ്. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താവിന് വികസനഫണ്ട്- എസ്.സി.പി. ഫണ്ടിൽ നിന്നും തുക അനുവദിച്ചു നല്കുന്നതിനുണ്ടായ കാരണം അറിയിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 30.01.24ന് നല്കിയ മറുപടിയിൽ മനപൂർവ്വമല്ലാത്ത ക്ലറിക്കൽ തെറ്റുമൂലമാണ് തുക വികസനഫണ്ട്- എസ്.സി.പി.യിൽ നിന്നും തെറ്റായി അനുവദിക്കുന്നതിനിടയായതെന്ന് അറിയിച്ചിട്ടുള്ളതാണ്. വികസനഫണ്ട്- എസ്.സി.പി. ഫണ്ടിൽ നിന്നും തെറ്റായ തുക അനുവദിച്ചു നല്കുക മൂലം ഫണ്ടിന് സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിനായി തുടർ വർഷങ്ങളിൽ ₹40,000/- വികസനഫണ്ട്- പൊതുവിഭാഗത്തിൽ നിന്നും അനുവദിച്ചു നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.4/25.01.24)

**1-33 അഴുക്കു ചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് റിനോവേഷൻ-കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തുക ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫയൽ നം | E1-4504/22 അഴുക്കു ചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് റിനോവേഷൻ |
| പ്രോജക്റ്റ് | 558/23 |
| അടങ്കൽ | 490000 |
| ഫണ്ട് | CFC |
| വൗച്ചർ നം | 22202741/17-2-23 |
| ഭരണാനുമതി | 1/10-3-22 |
| സാങ്കേതികാനുമതി | 95825/2021-22/23-3-22 |
| കരാറുകാരൻ | സി.പി.വിനോദ് കുമാർ |
| പിഎസി | 411980.93 |
| എം ബുക്ക് | 217/21-22 |
| ചെലവ് | 382705 |

കേരള വാട്ടർ അതോറിറ്റിയുടെ അഴുക്കു ചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട്, സീവേജ് ലൈനുകൾ, മാൻ ഹോളുകൾ എന്നിവ തുറന്നു പരിശോധിക്കുന്നതിനായി നഗര സഭ ഉടമസ്ഥതയിലുള്ള വിവിധ റോഡുകൾ കേരള വാട്ടർ അതോറിറ്റി പൊളിച്ചതിനെ തുടർന്ന് റീസ്റ്റോറേഷൻ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതായും,അടിയന്തിര

സ്വഭാവമുള്ള പ്രവൃത്തിയായതിനാൽ മേൽ പ്രവൃത്തി നഗര സഭ ഏറ്റെടുത്ത് പൂർത്തീകരിച്ചെങ്കിലും, ചെലവു തുകകേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നഗര സഭക്ക് നാളിതു വരെ അനുവദിച്ചിട്ടില്ല എന്നും മേൽ നം ഫയൽ പരിശോധിച്ചതിൽ കാണുന്നു. (നഗരസഭ സെക്രട്ടറി കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ, ഗുരുവായൂർ നൽകിയ E1/4504/22/25-2-23 നം കത്ത്) അഴുക്ക ചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് റിനോവേഷൻ എന്ന പ്രോജക്ടിനായി ചെലവഴിച്ച തുക 382705 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കി, കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള (24/30-1-24) മറുപടിയായി തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നഗര സഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**1-34 മരുന്നു വാങ്ങുന്നതിനുള്ള പ്രോജക്ടുകളിൽ മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.**

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ ലഭ്യമാക്കുവാൻ ബാക്കിയുള്ള മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേരു വിവരം | വിതരണ ചെയ്ത ഏജൻസി | ഇൻവോയ്സ് നമ്പർ | വൗച്ചർ നമ്പർ | തുക (₹) | നാളിതുവരെ വിതരണം ചെയ്ത മരുന്നിന്റെ തുക | വിതരണം ചെയ്യാനുള്ള മരുന്നിന്റെ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | 555/23 പൂക്കോട് ഡിസ്പെൻ സിറിയിലേയ്ക്ക് മരുന്ന വാങ്ങൽ | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF 5330/ 15.03.23 | 22202401/ 18.03.23 | 4,00,000 | 255324 | 144676 | ബാക്കി മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെടു ത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |
| 2 | 4/23 പൂക്കോട് FHC ജീവിതശൈലി രോഗ ക്ലീനിക്കിലേയ്ക്ക മരുന്ന് വാങ്ങൽ | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF 431/ 21.06.22 | 22201659/ 06.07.22 | 600000 | 483181 | 116819 | ബാക്കി മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെട്ടു ത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |
| 3 | 18/23 | കേരള | PRF 2804/ | 2221917/ | 80000 | വിവരം | വിവരം | മരുന്നുകൾ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തൈക്കാട് FHC ലേയ്ക്ക് മരുന്ന വാങ്ങൽ | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 06.12..22 | 26.12.22 | | ലഭ്യമല്ല | ലഭ്യമല്ല | വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെടുത് തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |
| 4 | -DO- | ജൻഔഷധി കേന്ദ്ര, കിഴക്കേ നട ഗുരുവായൂർ | 00661/ 15.08.22<br>2022231281/ 15.08.22 | 22201916/ 28.12.22 | 14999 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെടുത് തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |
| 5 | -DO- | നീതി മെഡിക്കൽസ്, തൈക്കാട് SCB | 33715/ 14.03.23 | 22202328/ 27.02.23 | 29991 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെട്ട ത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |
| 6 | -DO- | Zaith Group | ലഭ്യമല്ല | 22202395/ 16.03.23 | 29998 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെട്ട ത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |
| 7 | 557/23 തൈക്കാട് ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് ഫർണീച്ചർ വാങ്ങൽ | നീതി മെഡിക്കൽസ് | ലഭ്യമല്ല | 22202290/ 23.02.23 | 99440 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെട്ട ത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | 20/23 ഗുരുവായൂർ നഗര FHCയിലേയ്ക്ക് മരുന്ന് വാങ്ങൽ | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF 5357/ 15.03.23 | 22202431/ 24.03.23 | 11855 | 2655 | 9200 | ബാക്കി മരുന്നുകൾ വിതരണം ചെയ്യുന്നതിന്റെയും സ്റ്റോക്കിലെടു ത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |
| 9 | 3/23 പൂക്കോട് FHCയിലേയ്ക്ക് മരുന്ന് വാങ്ങൽ | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF 386/ 17.06.22 | 22201630/ 06.07.22 | 90904 | 81333 | 9571 | ബാക്കി മരുന്നുകൾ വിതരണം ചെയ്യുന്നതിന്റെയും സ്റ്റോക്കിലെടു ത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ് |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.7/27.01.24)

**1-35 പാലിയേറ്റീവ് കെയർ -മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ:6/23 പെയിൻ ആന്റ് പാലിയേറ്റിവ് കെയർ പ്രോജക്ടിൽ താഴെ പറയും പ്രകാരം മരുന്ന് വാങ്ങിയതിൽ മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങളും, ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനു സ്വീകരിച്ച നടപടികളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | വിതരണ ചെയ്ത ഏജൻസി | ഇൻവോയ്സ് നമ്പർ | വൗച്ചർ നമ്പർ | തുക (₹) | നാളിതുവരെ വിതരണം ചെയ്ത മരുന്നിന്റെ തുക | വിതരണം ചെയ്യാനുള്ള മരുന്നിന്റെ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | കേരള മെഡിക്കൽ സർവ്വീസസ് | PRF 3563/12.01.23 | 22202283/10.02.23 | 99855 | 92746 | 7109 | ബാക്കി മരുന്നുകൾ വിതരണം ചെയ്യുന്നതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും |

| | | | | | | | |
|---|---|---|---|---|---|---|---|
| | കോർപ്പറേഷൻ | | | | | | വിവരങ്ങൾ |
| 2 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF 5077/08.03.23 | 22202371/16.03.23 | 700000 | 505755 | 194245 | മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ |
| 3 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF 5053/08.03.23 | 22202377/16.03.23 | 700000 | 677014 | 22986 | മരുന്നുകൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭിച്ചതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/30.01.24)

## 1-36 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര ചെലവുകൾക്കായി പ്രത്യേക സാഹചര്യത്തിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം എത്രയും വേഗം ക്രമീകരിക്കേണ്ടതാണ്. സ.ഉ.(അ)നം.419/11/ധന. തീയതി 04.10.2011 പ്രകാരം അഡ്വാൻസ് വാങ്ങിയ തുക 3 മാസത്തിനകം ക്രമീകരിച്ചിട്ടില്ലെങ്കിൽ അനുവദിച്ച അഡ്വാൻസ് തുക മുഴുവൻ ഒറ്റ ഗഡുവായി 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. സർക്കുലർ നം. 43/12/ധന തീയതി.24.07.2012 പ്രകാരം ക്രമീകരിക്കാത്ത മുൻകൂർ തുകകൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി ആയോ റവന്യൂ റിക്കവറി നടപടികളിലൂടെയോ ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ധനകാര്യവകുപ്പിന്റെ 23/10/2019 ലെ 87/2019/ധന നമ്പർ സർക്കുലർ പ്രകാരം മേൽ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. മൂന്ന് മാസത്തിനകം യാത്രബത്ത ബിൽ സമർപ്പിക്കാത്ത യാത്ര ബത്ത മുൻകൂർ തുകകൾ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സ.ഉ.(അ)/197/2013/ധന. 30.04.2013 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ നഗര സഭയുടെ 2022-23 കാലയളവിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഫയൽ നം | വൗച്ചർ നം. തിയ്യതി | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക (₹) |
|---|---|---|---|---|---|
| 1 | H1-15568/21 | 2220022/06.04.22 | റിജേഷ്. എം. ഡി. JHI | ആംബുലൻസ് ടെസ്റ്റ് നടത്തുന്നതിന് | 8000 |
| 2 | H1-12015/21 | 22200158/09.05.22 | റിജേഷ്. എം. | ചാവക്കാട് | 8000 |

| | | | | | |
|---|---|---|---|---|---|
| | | | ഡി. JHI | ജി.എച്ച്.എസ്.എസ് ലെ അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് | |
| 3 | H1-11927/22 | 22200615/26.07.22 | സുനിൽകുമാർ, എ. ബി. JHI | ബ്രഷ് കട്ടർ നന്നാക്കുന്നതിൻ | 24000 |
| 4 | G5-10897/22 | 22200727/30.08.22 | റിജേഷ്. എം. ഡി. JHI | വിദ്യാഭ്യാസ ആദരം സംഘടിപ്പിക്കുന്നതിന് | 50000 |
| 5 | H1-14698/22 | 22200940/28.09.22 | അജിത്. എ. വി., HI Ist | സ്വച്ഛ് അമൃത് മഹോത്സവ പ്രവർത്തനങ്ങൾക്ക് | 100000 |
| 6 | PKD/ H1/387/22 | 22200965/26.09.22 | സുബിൻ. കെ. ബി., JHI II | വാർഡ് 37 ൽ കെ.എസ്.ഇ.ബി.ലൈനിന് ഭീഷണിയായ മരം മുറിച്ച് മാറ്റുന്നതിന് | 2500 |
| 7 | H1-14698/22 | 22200933/01.11.22 | ബീന. എസ്. കുമാർ, സെക്രട്ടറി | ഇന്ത്യൻ സ്വച്ഛ് ലീഗിൽ പങ്കെടുക്കുന്നതിന് ന്യൂഡൽഹിയിൽ പോകുന്നതിന് | 25000 |
| 8 | H1-7741/21 | 22201117/26.10.22 | റിജേഷ്. എം. ഡി. ജെ.എച്ച്.ഐ. II | ബസ് സ്റ്റാന്റിലെ ബയോ ടോയ് ലറ്റ് മാറ്റി സൂക്ഷിക്കുന്നതിന് നിലവിൽ സെപ്റ്റിക് ടാങ്കിൽ അവശേഷിക്കുന്ന മാലിന്യം ടാങ്കർ ഉപയോഗിച്ച് നീക്കം ചെയ്യുന്നതിന് | 15000 |
| 9 | H2-1248/01 | 22201175/19.11.22 | അജിത് എ. വി. HI I | കേരളോത്സവം-2022 നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവിലേക്ക് | 150000 |
| 10 | H1-17305/21 | 22201207/19.11.22 | മനേഷ് ബാബു. HI | മകരവിളക്ക് ഏകാദശിയോടനുബന്ധിച്ച് മുൻകൂർ അനുവദിച്ച തുക | 50000 |
| 11 | H1-986/21 | 22201211/19.11.22 | ജയകുമാർ JHI Ist | ബ്രഹ്മകുളം- ഇ.കെ.നായനാർ ചിൽഡ്രൻസ് | 2000 |

| | | | | | |
|---|---|---|---|---|---|
| | | | | പാർക്കിലേക്ക് ഫ്ലക്സ് ഹോസ് വാങ്ങുന്നതിന് മുൻകൂറായി അനുവദിച്ച തുക | |
| 12 | E4-11110/22 | 22201223/21.11.22 | അനുരാഗ് PWD III | KL46R-4645-Toyota Innova Crysta- ഇൻഷൂറൻസ് തുക അടവാക്കുന്നതിന് | 18005 |
| 13 | H2-4770/07 | 22201208/19.11.22 | സുജിത് കുമാർ JHI | അഗതി മന്ദിരത്തിലേക്ക് മരുന്ന് വാങ്ങുന്നതിന് | 3628 |
| 14 | E4-10198/22 | 22201209/19.11.22 | ആരിഫ്, ഡ്രൈവർ | KL-46X-2320 സർവീസ് നടത്തുന്നതിന് | 6947 |
| 15 | E4-9500/22 | 22201445/27.12.22 | ബിന്ദു പി.എച്ച്., ക്ലർക്ക് | KL-46F-7505, KL-46F-7539 വാഹനങ്ങളുടെ റോഡ് ടാക്സ് അടവാക്കുന്നതിന് | 23100 |
| 16 | KS/3161/17(1) | 22201210/19.11.22 | മനേഷ് ബാബു HI 2nd | മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ | 10210 |
| 17 | E5-687/23 | 22202800/01.03.23 | ടോണി. ഇ. എൻ. അസി. എഞ്ചിനീയർ | എ.സി.രാമൻപാർക്ക് വഴിയോര വിശ്രമകേന്ദ്രം, എം.സി.പി.സെന്റർ എന്നിവയുടെ ഉദ്ഘാടനം | 75000 |
| 18 | E5-687/23 | 22202801/01.03.23 | അജിത്. HI | ,, | 30000 |
| 19 | E4-11110/22 | 22201572/24.01.23 | അനുരാഗ് PWD III | KL-46J-2523 നമ്പർ ട്രാക്ടറിന്റെ ഇൻഷൂറൻസ് പുതുക്കുന്നതിന് | 8000 |
| 20 | ലഭ്യമല്ല | 22202188/14.03.23 | ടോണി ഇ. എൻ., അസി. എഞ്ചിനീയർ | ആവശ്യം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 75000 |
| 21 | E5-5300/23 | 22202266/30.03.23 | ജിജോ., അസി. എഞ്ചിനീയർ | ഭഗത് സിങ്ങ് പാർക്ക് & പ്ലേ ഗ്രൗണ്ട് ബഹു. കായിക വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തത് | 50000 |

മേൽ പ്രകാരം പട്ടികപ്പെടുത്തിയ പ്രവൃത്തികളുടെ മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയലുകൾ, ചെലവ് രേഖകൾ മുതലായവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (05/25.01.24) മറുപടി ലഭ്യമാക്കിയില്ല.

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 31-3-23ലെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 23,18,813 |
| തൻവർഷം അഡ്വാൻസ് നൽകിയത് | 44,51,528 |
| ആകെ | 67,70,341 |
| അഡ്വാൻസ് തിരിച്ചടച്ചത് | 5,59,897 |
| തൻ വർഷം ക്രമീകരിച്ചത് | 11,54,597 |
| ക്രമീക്കാൻ അവശേഷിക്കുന്നത് | 50,55,847 |

സമയപരിധി കഴിഞ്ഞിട്ടും ക്രമീകരിക്കാത്ത മുൻകൂർ നൽകിയ തുകകൾ പലിശസഹിതം ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-37 ഗുരുവായൂർ ദേവസ്വം മാലിന്യ ശേഖരണ ഫീസിനത്തിലും അംശദായമിനത്തിലും വൻതുക അടവാക്കാൻ അവശേഷിക്കുന്നു.**

(ഫയൽനം.H1-3215/2006)

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 333 പ്രകാരം ഒരു മുൻസിപ്പൽ പ്രദേശത്തോ അതിന്റെ പരിസരങ്ങളിലോ സ്ഥിതി ചെയ്യുകയും, വർഷം മുഴുവനമോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ അത് ആകർഷിക്കുകയും ചെയ്യുന്ന പക്ഷം പൊതുജനാരോഗ്യത്തിനോ പൊതു രക്ഷക്കോ സൗകര്യത്തിനോ ആവശ്യമായ സ്ഥിരമോ, താല്ക്കാലികമോ ആയ പ്രത്യേക ഏർപ്പാടുകൾ മുൻസിപ്പാലിറ്റി ചെയ്യേണ്ടതും, ആ പ്രദേശത്തിനു മേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ, മറ്റേതെങ്കിലും ആളോടോ സർക്കാർ ആ മുൻസിപ്പാലിറ്റിയുടെ നിധിയിലേക്ക് നിശ്ചയിക്കുന്ന അങ്ങനെയുള്ള ആവർത്തകമോ, അനാവർത്തകമോ ആയ അംശദായം നല്കുന്നതിന് ആവശ്യപ്പെടാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് എംഎസ് 914/HLD തിയതി 6.12.1965 ഉത്തരവ് പ്രകാരം ഗുരുവായൂർ ദേവസ്വത്തിലേക്ക് പ്രയോജനപ്പെടും വിധം ഗുരുവായൂർ നഗരസഭ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾക്കായുള്ള ആവർത്തന ചെലവ് തുകയുടെ 50%ഉം, മൂലധനചെലവ് തുകയുടെ 33.33% അംശദായമായി നല്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

സെക്രട്ടറിയുടെ 24.05.2023 തിയതിയിലെ H1-3215/06 നമ്പർ കത്ത് പ്രകാരം ഗുരുവായൂർ ദേവസ്വം താഴെ പറയും പ്രകാരം അംശദായമിനത്തിലും മാലിന്യ ശേഖരണ ഫീസിനത്തിലും തുക അടവാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വർഷം | മാലിന്യ ശേഖരണ ഫീസ് (ഇലമാലിന്യത്തിന് കി.ഗ്രാമിന് 10 രൂപ നിരക്കിൽ) | സ്വീപ്പിംഗ് ചാർജ്ജ് | ശുചീകരണ ഉപകരണങ്ങൾ, വസ്തുക്കൾ | ശബരിമല ഏകാദശി സീസണിൽ ഫസ്റ്റ് എയ്ഡ് ബൂത്ത് | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 2019-20 | 3098412 | 2092800 | 118200 | 0 | 5309412 |
| 2 | 2020-21 | 165231 | 2092800 | 118200 | 0 | 2376231 |
| 3 | 2021-22 | 1168232 | 2092800 | 118200 | 240400 | 3619632 |
| 4 | 2022-23 | 3275715 | 2092800 | 118200 | 251450 | 5738165 |
| | ആകെ | 7707590 | 8371200 | 472800 | 491850 | 1,70,43,440 |

മേൽ പ്രകാരം 2022-23 വർഷം വരെ മാലിന്യ ശേഖര ഫീസ് ഇനത്തിൽ 77,07,590/- രൂപയും അംശദായമിനത്തിൽ 93,35,850/- രൂപയുമടക്കം 1,70,43,440/- രൂപ കുടിശ്ശിക ഉണ്ട്. കുടിശ്ശിക ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.39/31.01.24)

## 1-38 തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ - വൗച്ചർ സൂക്ഷിപ്പിലെ അപാകങ്ങൾ

1. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 33 പ്രകാരം പണം നൽകലുകൾ പണം കിട്ടേണ്ട ആളിന്റെ സൗകര്യാർത്ഥം കാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്കേഴ്സ് ചെക്ക്, എന്നിവ മുഖാന്തിരമോ മറ്റ് ഇലക്ട്രോണിക് സംവിധാനം മുഖേനയോ പണം കിട്ടേണ്ട ആളിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തോ നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി നൽകാവുന്നതാണ്. എന്നാൽ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം കൈമാറുന്ന ഇടപാടുകളിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വ്യക്തമാക്കുന്ന ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, പണം കൈമാറിയതിന്റെ യു.ടി.ആർ സ്റ്റേറ്റ് മെന്റ് എന്നിവ വൗച്ചറുകൾക്കൊപ്പം സൂക്ഷിക്കുന്നില്ല. സെൽഫ് ചെക്ക് മുഖേന കാഷ് പിൻവലിച്ച് കാഷ് പേയ്മെന്റ് നടത്തുന്ന സാഹചര്യങ്ങളിൽ ഓരോ കാഷ് പേയ്മെന്റ് വൗച്ചറിലും ലഭിക്കുന്ന വ്യക്തി "കിട്ടി ബോധിച്ചു" എന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ് (കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 41(1)) എന്നാൽ മേൽ പ്രകാരമുള്ള രസീത് പല വൗച്ചറുകൾക്കൊപ്പവും സൂക്ഷിക്കുന്നില്ല. മേൽ അപാകങ്ങൾ മൂലം പണം നൽകലിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.

2. വൗച്ചറുകൾക്കൊപ്പം സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയായ ശീർഷകത്തിൽ ആണോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

3. നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് തുകകൾ തിരിച്ച് നൽകുന്നതിന്റെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിക്കുന്നില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 36/31.01.24). അപാകങ്ങൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-39 മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂർ -രേഖകൾ ലഭ്യമാക്കിയിട്ടില്ല

ഫയൽ നംപർ - H1/4350/22

ചെലവ് - 860,000/- വൗച്ചർ നംപർ - 22200676/19.08.22

ഗുരുവായൂർ നഗരസഭയിലെ 43 വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വാർഡ് ഒന്നിന് 20,000/- രൂപ വീതം മേൽ വൗച്ചർ പ്രകാരം വാർഡ് തല സാനിറ്റേഷൻ കമ്മറ്റികൾക്ക് കൈമാറിയിട്ടുണ്ട്. മേൽ ഫയൽ പരിശോധിച്ചതിൽ വാർഡ് 9, വാർഡ് 11 എന്നിവിടങ്ങളിൽ നടന്ന മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ്

വൗച്ചറുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റ് വാർഡുകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ 41 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച ചെലവ് തുക 8,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 05/25.01.24)

**1-40 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.**

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അതത് മാസം അടവാക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ വൗച്ചറുകളുടെയും കാഷ്ബുക്കിന്റെയും പരിശോധനയിൽ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല എന്ന് കണ്ടു. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (42/31.01.24) മറുപടിയായി നഗരസഭയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് 2018 ന് ശേഷമുള്ള നഗരസഭ സെക്രട്ടറിമാരുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭാ സെക്രട്ടറി മുൻസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

**1-41 സെൻട്രൽ പെൻഷൻ ഫണ്ട്- പ്രതിമാസ വിഹിതം അടവാക്കുന്നില്ല. (ഫയൽ നം. എ2/18361/2013)**

**(ഫയൽ നം:എ2/18361/2013)**

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസമൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. ചട്ടം 8 പ്രകാരം ഇപ്രകാരമുള്ള പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പളബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം തന്നെ 15-ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് ഡയറക്ടറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയച്ച് കൊടുക്കേണ്ടതാണ്. എൽ.എസ്.ജി.ഡി(അർബൻ ഡയറക്ടർ), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-12-2023 ലെ LSGD/PD/32583/2023/ PENA7നമ്പർ കത്ത് പ്രകാരം നഗരസഭകൾ ഓരോ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ ,കമ്മ്യൂട്ടേഷൻ, സി.വി.പി. എന്നീയിനങ്ങളിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുക, ആയതിൽ തൻമാസം ഒടുക്കിയ തുക, ബാക്കി ഒടുക്കുവാനുള്ള തുക എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തുക ഒടുക്കിയ രസീത് സഹിതം എല്ലാ മാസവും അഞ്ചാം തീയതിക്കകം ലഭ്യമാക്കേണ്ടതാണെന്നും ആയതിൽ യാതൊരു വീഴ്ചയും വരുത്തുവാൻ പാടുള്ളതല്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ നഗരസഭ ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുക അടവാക്കുന്നില്ല. ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക നേരിട്ട് ചെലവഴിക്കുന്നു. എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ 02.06.23 ലെ LSGD/PD/18628/2023-PEN7(1) നമ്പർ കത്ത് പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭകൾക്ക് നൽകാനുള്ള തുകയും നഗരസഭയിൽ നിന്നും സെൻട്രൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഒടുക്കുവാനുള്ള തുകയും പരിശോധിച്ച് 03/2023 വരെയുള്ള വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 31/03/2023 വരെ പ്രതിമാസ പെൻഷൻ ആനുകൂല്യങ്ങൾക്ക് നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക 35741793/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയിൽ 31/03/23 വരെ അനുവദിക്കാൻ ബാക്കിയുള്ള തുകയായ 18053076/- രൂപയുമടക്കം 5,37,94,869/- രൂപ നഗരസഭയ്ക്ക്

ലഭിക്കാൻ അവശേഷിക്കുന്നു.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ടതായ കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരമുള്ള പ്രതിമാസ വിഹിതം അടവാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 37/31.01.24)

## 1-42 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക- സംയുക്ത പരിശോധന നടത്തിയിട്ടില്ല.

(ഫയൽ നം. ഇ4-19305/18)

തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ 28/04/23 തീയതിയിലെ ഇ4-19305/18 നമ്പർ കത്ത് പ്രകാരം ഗുരുവായൂർ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 307 പൊതുടാപ്പുകൾക്ക് ഫെബ്രുവരി മാസത്തെ ബിൽ പ്രകാരം തൻ മാസം അടവാക്കേണ്ടുന്ന തുക 5,58,715/- (433140+9100+116475)രൂപയും കുടിശ്ശിക 83,39,461/- (6207030+75386+2057045) രൂപയും ഫൈൻ ഇനത്തിൽ 1,63,666/- (121819+1480+40367) രൂപയുമാണ് അടവാക്കേണ്ടത്. 2022 ഏപ്രിൽ മുതൽ 2023 ജനവരി വരെയുള്ള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസുകൾ പ്രകാരം ടാപ്പൊന്നിന് 8692/- രൂപ യാണ് വെള്ളക്കരമായി പ്രതിവർഷം ഈടാക്കി വന്നിരുന്നതെങ്കിൽ 02/23 മുതൽ വെള്ളക്കരം ടാപ്പൊന്നിന് 21,838/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സംയുക്ത പരിശോധന നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിക്ക് 12/05/21, 18/01/22, 28/04/22, 25/02/23, 28/04/23, 20/09/23 എന്നീ തീയതികളിൽ കത്തുകളും ഓർമ്മക്കുറിപ്പുകളും നൽകിയിട്ടും നാളിതുവരെയായി പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലാത്തതാണെന്നും തുടർന്ന് കേരള വാട്ടർ അതോറിറ്റി അസി.എഞ്ചിനീയറിൽ നിന്നുള്ള 17/01/24 ലെ KWA/ GVR/Municipality നമ്പർ കത്ത് പ്രകാരം സംയുക്ത പരിശോധന നടത്തുന്നതിന് സമയക്രമം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിൽ തുടർ നടപടി സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട്. എത്രയും വേഗം സംയുക്ത പരിശോധന നടത്തുകയും പ്രവർത്തരഹിതമായതും ആവശ്യമല്ലാത്തതുമായ പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യാത്ത പക്ഷം നഗരസഭയ്ക്ക് വെള്ളക്കരമിനത്തിൽ വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം.42/31.01.24)

## 1-43 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ

2022-23 വർഷത്തെ വൗച്ചറുകൾ, വാഹന ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിൽ താഴെ ചേർക്കും പ്രകാരം വാഹനങ്ങൾ ഉണ്ട്.

1. KL 46 F 2912- മാരുതി സ്വിഫ്റ്റ് ഡിസയർ

2. KL 46 W 5643 – മഹീന്ദ്ര സുപ്രോ ആംബുലൻസ്

3. KL 46 X 2320 - മഹീന്ദ്ര ബൊലേറോ

4. KL 46 U 2526 – മഹീന്ദ്ര മാക്സി ട്രക്ക്

5. KL 46 U 2561 - „

6. KL 46 B 6853 - ട്രാക്ടർ

7. KL 46 V 6033 – മഹീന്ദ്ര ബൊലെറോ

8. KL 46 X 2770 - ആംബുലൻസ്

9. KL 46 U 2530 – മഹീന്ദ്ര സുപ്രോ മാക്സി ട്രക്ക്

10. KL 46 R 4645 – ഇന്നോവ ക്രിസ്റ്റ

11. KL 46 F 7577 - ട്രാക്ടർ

12. KL 46 F 7505 - ട്രാക്ടർ

13. KL 46 J 2523 - ട്രാക്ടർ

14. KL 46 N 5603 – മഹീന്ദ്ര ബൊലെറോ

15. KL 46 F 7539 - ട്രാക്ടർ

നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള എല്ലാ വാഹനങ്ങളുടെയും 2022-23 വർഷത്തെ ലോഗ് ബുക്കുകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(നം. 06/25.01.24), ഓഡിറ്റ് റിക്വിസഷൻ (02/30.01.24) എന്നിവ നൽകിയെങ്കിലും 6 വാഹനങ്ങളുടെ മാത്രമാണ് 2022-23ലെ ലോഗ് ബുക്കുകൾ ഭാഗികമായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. വാഹനങ്ങളുടെയും ലോഗ് ബുക്കുകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

KL-46N-5603(Bolero) – 09/11/22 മുതൽ 31/03/23 വരെയുള്ള ലോഗ് ബുക്ക്

KL-46B-6853(Tractor)- 01/04/22 മുതൽ 27/05/22 വരെ

KL-46Y-6033 (Bolero) – 07/01/23 മുതൽ 31/03/23 വരെ.

KL-46X- 2320 (Bolero)- 23/04/22 മുതൽ 09/11/22 വരെ

KL-46X- 2770 (Ambulance) – 07/03/23 മുതൽ 31/03/23 വരെ

KL-46N- 5603 (Bolero)- 01/04/22 മുതൽ 05/05/22 വരെ

ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

ധനകാര്യ പരിശോധന വിഭാഗം (നോൺ ടെക്നിക്കൽ - എഫ്) വകുപ്പിന്റെ 02/08/08 ലെ 41/2008/ധന. നമ്പർ സർക്കുലർ പ്രകാരം ലോഗ് ബുക്കിൽ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്. ഇന്ധന ക്ഷമത സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിരിക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോഗ് ബുക്കിൽ ഇപ്രകാരമുള്ള വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.51/01.02.23) മറുപടി ലഭ്യമാക്കിയില്ല. ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നതിന് വാഹനങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-44 സുലേഖ സ്റ്റേറ്റ്മെന്റിൽ കുറവ് ചെലവ് രേഖപ്പെടുത്തി

പ്രൊജക്ട് :1/23 അനുപൂരകപോഷകാഹാരം

അടങ്കൽ :8082300,ചെലവ്:6863090

ഫണ്ടിനം:ഡവലപ്പ്മെന്റ് ഫണ്ട്,കേന്ദ്രാവിഷ്കൃത ഫണ്ട്

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ ബില്ലുകൾ പ്രകാരം മേൽ പ്രൊജക്ടിന്റെ യഥാർത്ഥ ചെലവ് 7665184 രൂപയാണ് . എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ ചെലവ് 6863090 രൂപയാണ്.വ്യത്യാസം 802094 രൂപ.മേൽ പ്രകാരം ചെലവിൽ വ്യതിയാനം വന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (34/31.01.24) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.വ്യത്യാസം വന്നതിന്റെ കാരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1– 45 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല**

സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ തുക കൈമാറിയെങ്കിലും വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| S232/23 – ഐകെ എം ന് വിഹിതം നൽകൽ | വികസനഫണ്ട് ജനറൽ | 291886 | 291886 വൗച്ചർ നം. 22201990/ 17.12.22 | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ കെ എം |
| S274/23 – വയോമിത്രം | വികസനഫണ്ട് ജനറൽ | 1000000 | 1000000 വൗച്ചർ നം. 22201855/14.10.22 | എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| – S202/23 കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് | വികസന ഫണ്ട് -ജനറൽ | 50,000 | 50,000 വൗച്ചർ നമ്പർ. 22201998/12.12.22 | എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| ആകെ | | | 1341886 | |

സോഷ്യൽ സെക്യൂരിറ്റി മിഷൻ, ഐ.കെ.എം എന്നീ സ്ഥാപനങ്ങൾ കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 15/30.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനങ്ങളിൽ നിന്ന് കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമാകുന്നതുവരെ 1341886 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1–46 കുടിവെള്ള ടാങ്കർ – നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | S514/23 -നഗരസഭക്ക് കുടിവെള്ള ടാങ്കർ വാങ്ങൽ |
| ഫണ്ട് | വികസനഫണ്ട് - ജനറൽ |
| അടങ്കൽ | 500000 |
| ചെലവ് | 429520 |
| വൗച്ചർ നമ്പർ | 22202502/27.3.23 |
| ഇൻവോയ്സ് നം | GST 0070/ 22-23/27.3.23 |
| കൈപ്പറ്റിയ ഏജൻസി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ |

നഗരസഭയിലെ കുടിവെള്ള ക്ഷാമം നേരിടുന്ന വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനാണ് ടാങ്കർ വാങ്ങിയത്. ആയതിനായി ടാറ്റാ മോട്ടോഴ്സിൽ നിന്ന് 2256744 രൂപ (ഇൻവോയ്സ് നം. KA 0100215981/ 29.3.22)ചെലവഴിച്ച് 2021-22 ൽ TATA ULTRA 1918 BS VI വാഹനം വാങ്ങി. ഈ വാഹനത്തിൽ 10000 ലിറ്റർ കുടിവെള്ള ടാങ്ക് ഫിറ്റ് ചെയ്യുന്നതിനാണ് മേൽപ്രകാരം തുക ചെലവഴിച്ചത്. ഇതുകൂടാതെ വാഹനത്തിൽ മഡ്ഗാർഡ്, ഗിയർബോക്സ് കവർ, ഫിൽറ്റർ കവർ, സൈഡ്ഗാർഡ്, വാട്ടർലെവൽ പൈപ്പ് എന്നിവ ഫിറ്റ് ചെയ്യുന്നതിന് തനതു ഫണ്ട് വൗച്ചർ നം.65/ 07-2023 തീയതി 14.7.2023 പ്രകാരം 46000 രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൈപ്പറ്റി.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

. സ്ഥാപനത്തിൽ വാഹനരജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാഹനം സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയ വിവരം ലഭ്യമാക്കിയിട്ടില്ല.

.തദ്ദേശസ്വയംഭരണ(ഡിബി)വകുപ്പിന്റെ DB3/106/2022/തസ്വഭവ തീയതി 25.3.22 ലെ കത്ത് പ്രകാരം കുടിവെള്ള ക്ഷാമം നേരിടുന്ന വിവിധ വാർഡുകളിലും അഞ്ച് വാട്ടർ എടി എം കളിലും കുടിവെള്ളം വിതരണം ചെയ്യുന്നതിനായി രണ്ട് മിനി കുടിവെള്ളടാങ്കർ ലോറികൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അനുമതിക്ക് അനുസരിച്ച് ഉള്ള വാഹനമല്ല വാങ്ങിയിട്ടുള്ളത്.

. മഹീന്ദ്ര ബിഎസ് 6 വാഹനത്തിൽ 2000 ലിറ്റർ വീതമുള്ള രണ്ട് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതായിരിക്കും ഇടറോഡുകളിൽ അടക്കം വെള്ളം വിതരണം ചെയ്യുന്നതിന് ഉചിതം എന്ന് ഫയലിൽ ചേർത്തിട്ടുണ്ട്. വാഹനം വാങ്ങി കുടിവെള്ള ടാങ്കർ ഫിറ്റ് ചെയ്യുകയാണ് നഗരസഭ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഇടറോഡുകളിലും വാട്ടർ എടിഎമ്മുകളിലും വെള്ളം വിതരണം ചെയ്യുന്നതിന് ഉപയുക്തമായ വാഹനമല്ല നഗരസഭ വാങ്ങിയിട്ടുള്ളത്.

